# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാട്ടാക്കട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./റ്റി.വി.എം/ജി.പി.6/2222/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 13/02/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടാക്കട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./റ്റി.വി.എം/ജി.പി.6/2222/2022 തീയ്യതി: 13/02/2023

## തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 18-10-2022 | 28-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-10-2022 | 28-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രതാപ് കുമാർ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ ജോസ്.ഡബ്ല്യൂ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രാജു.എസ്,ഓഡിറ്റർ
ശ്രീമതി കല പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.അനിൽകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി ചന്ദ്ര | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സിബിൻ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 30-01-2022 |
| ശ്രീ ദീപക്ക് എസ്.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-02-2022 | 31-03-2022 |
| ഡോ.ശാന്തകുമാർ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ.സിദ്ദി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.സേതുമാധവൻ | വെറ്ററിനറി സർജൻ | 01-04-2021 | 16-05-2021 |
| ഡോ.സുനിൽകുമാർ | വെറ്ററിനറി സർജൻ | 17-05-2021 | 30-09-2021 |
| ഡോ.കെ.ആർ ജിനുകുമാർ | വെറ്ററിനറി സർജൻ | 01-10-2021 | 16-01-2022 |
| ഡോ.സജിത്ത്കുമാർ | വെറ്ററിനറി സർജൻ | 17-01-2022 | 31-03-2022 |
| ശ്രീമതി.ബീന | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജീവ് ജി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീകല | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് | 01-04-2021 | 31-03-2022 |
| ശ്രീമതി തിങ്കൾ ജ്യോതി എ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 01-04-2021 | 31-03-2022 |
| ശ്രീ അനിൽകുമാർ ജെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-11 | 01-04-2021 | 31-03-2022 |
| ശ്രീമതി സുധരാജ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-09-2021 |
| ശ്രീമതി ശ്രീല ബി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-10-2021 | 31-03-2022 |
| ശ്രീമതി. ശിവാംബിക | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 23-07-2021 |
| ശ്രീമതി അഞ്ജന ജെ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-08-2021 | 31-03-2022 |
| ശ്രീ. എ.ആർ. സജീവ് കുമാർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം-എ.സി.ആർ.പ്രകാരം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമ പദ്ധതികൾ | 1-5 |
| 6 | സാമൂഹ്യ സുരക്ഷാപെൻഷൻ | 1-5-1 |
| 7 | പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു | 1-5-2 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 10 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക നൽകി 200000/-രൂപ തടസ്സപ്പെടുത്തുന്നു | 1-8 |
| 11 | തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്)- പ്രവർത്തനം | 1-9 |
| 12 | വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് കാലികമായി സൂക്ഷിച്ചിട്ടില്ല | 1-10 |
| 13 | മൂലധന നിക്ഷേപം കണക്കാക്കാതെ ലൈസൻസ് നല്കിയതായി കാണുന്നു | 1-11 |
| 14 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽനിന്നും തൊഴിൽ നികുതി/ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല | 1-12 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 17 | സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല | 1-15 |
| 18 | തിയേറ്ററുകൾ, ബാറുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 1-16 |
| 19 | കൃഷി ഓഫീസർ നിർവഹണം നടത്തിയ ഗ്രോ ബാഗ് പച്ചക്കറി (വനിത) പദ്ധതി - അപാകം - 84000/- രൂപ തടസ്സം | 1-17 |
| 20 | ചെടിച്ചട്ടിയിൽ പച്ചക്കറി കൃഷി - തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച 56250/- രൂപയുടെ ചെലവ് വിശദാംശം ഓഡിറ്റിൽ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു | 1-17-1 |
| 21 | കുറ്റികുരുമുളക് കൃഷി (വനിത)--പുരുഷൻമാരെ ഉൾപ്പെടുത്തി ധനസഹായം നൽകിയിരിക്കുന്നു - 8160/-രൂപ തടസ്സം | 1-17-2 |
| 22 | നെൽകൃഷി -ഗുണഭോക്താക്കൾ ചെലവ് വൗച്ചർ ഇല്ലാതെ കൈപ്പറ്റിയ തുകയായ 17940/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-17-3 |
| 23 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ മുഴുവൻ | 1-17-4 |

| | | |
|---|---|---|
| | ഗുണഭോക്തൃവിഹിതവും പഞ്ചായത്ത്ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല | |
| 24 | സർക്കാർ സാധൂകരണം ലഭ്യമാക്കാതെ അദ്ധ്യാപക/അനദ്ധ്യാപക നിയമനം | 1-18 |
| 25 | വെള്ളക്കരം ഒടുക്കിനത്തിലെ അധികചെലവ് - ഒഴിവാക്കേണ്ടത് അനിവാര്യം | 1-19 |
| 26 | MNREGS കാര്യാലയത്തിന്റെ പ്രവർത്തനത്തിലേക്കായി അനുവദിച്ച മുൻകൂർ തുക-അടിയന്തിരമായി തിരികെ ഈടാക്കേണ്ടതാണ് | 1-20 |
| 27 | മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച മുൻകൂർ തുക രൂ.250000/- - ക്രമീകരണ വിവരം അടിയന്തിരമായി അറിയിക്കേണ്ടതാണ്. | 1-21 |
| 28 | അജൈവ മാലിന്യ സംസ്കരണം - തരം തിരിച്ച് നൽകിയ അജൈവ മാലിന്യത്തിനായി വില ക്ലീൻ കേരള കമ്പനി നൽകിയിട്ടില്ല | 1-22 |
| 29 | ആർജിത അവധി സറണ്ടർ - സർക്കാർ സാധൂകരണം തേടേണ്ടതാണ് | 1-23 |
| 30 | അസിസ്റ്റന്റ് എഞ്ചിനീയർ-രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല | 1-24 |
| 31 | ഭൂമി കൈയ്യേറ്റം തുടർ നടപടികൾ സ്വീകരിച്ചില്ല (ഉത്തരവാദിയായ ഉദ്യോഗസ്ഥൻ – സെക്രട്ടറി) | 1-25 |
| 32 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അംഗൻവാടികൾക്ക് ഫർണിച്ചർ, കളിപ്പാട്ടം വാങ്ങൽ പദ്ധതി - സംബന്ധിച്ച് | 1-26 |
| 33 | HOMCO-യ്ക്ക് മുൻകൂർ പണം നല്കിയിട്ടും 1,40,000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 1-27 |
| 34 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പൂർണ്ണമായ വിനിയോഗ വിവരങ്ങൾ ഹാജരാക്കേണ്ടതാണ് | 1-28 |
| 35 | മരാമത്ത് പ്രവർത്തികൾ - രേഖകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു - 10,57,955/-രൂപ | 1-29 |
| 36 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ | 1-30 |
| 37 | സ്പിൽ ഓവർ പദ്ധതി - തൻവർഷവും പൂർത്തിയാക്കിയില്ല | 1-31 |
| 38 | കെട്ടിടങ്ങൾക്ക് പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ നികുതി ഈടാക്കുന്നില്ല. നികുതി ചോർച്ച സംഭവിക്കുന്നു. | 1-32 |
| 39 | കെട്ടിടങ്ങൾക്ക് വഴിസൗകര്യം അനുസരിച്ച് നികുതി വർദ്ധിപ്പിച്ചിട്ടില്ല | 1-32-1 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തീയതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 2021-22 വർഷത്തെ പരിഷ്കരിച്ച ബജറ്റ് 30-3-2022-ൽ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 476714235/- രൂപയും ചെലവ് 459954506/- രൂപയും നീക്കിയിരിപ്പ് 16759729/- രൂപയും രേഖപ്പെടുത്തിയ ബഡ്ജറ്റ് 2(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു.

A. ബഡ്ജറ്റ്-ബഡ്ജറ്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല. മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.3-ന് നൽകിയ മറുപടിയിൽ 2020-ലെ പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഫലമായി ചട്ടപ്രകാരമുള്ള ബഡ്ജറ്റ് തയ്യാറാക്കുവാൻ സാധിക്കാത്തതെന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ചട്ടപ്രകാരമുള്ള ബഡ്ജറ്റ് തയ്യാറാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഭരണഘടനാ ചുമതലയാണ്. കൂടാതെ ബഡ്ജറ്റ് രൂപീകരണത്തിലെ അപാകങ്ങൾ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നുവെങ്കിലും അപാകങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. കൂടാതെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ 20-2-2021-ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2021-22 വർഷത്തെ കരട് ബഡ്ജറ്റ് ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നുവെന്ന് മറുപടി നൽകിയിട്ടുണ്ട്. ബഡ്ജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഭരണസമിതിയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

B. ബഡ്ജറ്റ് വകയിരുത്തൽ-ശരിയായ ഹെഡിൽ രേഖപ്പെടുത്തുന്നില്ല.

2021-22 വർഷത്തെ ബഡ്ജറ്റ് വകയിരുത്തലുകൾ പരിശോധിച്ചതിൽ ബഡ്ജറ്റ് വകയിരുത്തലുകൾ ശരിയായ ഹെഡുകളിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്തി. ബഡ്ജറ്റിൽ വകയിരുത്താതെ ചെലവഴിച്ചതായി കണ്ടെത്തിയ 31 ചെലവുകളുടെ വിവരം അന്വേഷണകുറിപ്പ് 11/22-പ്രകാരം ആവശ്യപ്പെട്ടപ്പോൾ ഹെഡുകൾ മാറിപ്പോയതായി മറുപടി നൽകി. കൂടാതെ ബഡ്ജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക പല പദ്ധതികൾക്കും ചെലവഴിച്ചതായി കണ്ടെത്തി. പരിഷ്കരിച്ച ബഡ്ജറ്റിൽ ഇപ്രകാരമുള്ള അപാകങ്ങൾ കടന്നുകൂടിയത് അംഗീകരിക്കാവുന്നതല്ല. ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ അക്കൌണ്ടിംഗ് നിയമങ്ങൾ കൃത്യമായി പാലിക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2021 | 29-5-2022 |

2021-2022 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2021-22 വർഷത്തിലെ ബഡ്ജറ്റ് ഫയൽ, പ്രൊപ്പോസൽ തുടങ്ങിയവ ഓഡിറ്റ് ഹാജരാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിലെ Fixed Asset- കളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

5. 2021-22 ബാലൻസ്ഷീറ്റിൽ B7 ഷെഡ്യൂളിൽ 1612179/- രൂപ ഡെപ്പോസിറ്റ് തിരികെ നല്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

6. ഡെപ്പോസിറ്റ് ഇനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7. Advance To Implimenting Officers ഇനത്തിൽ (460500501 ഹെഡിൽ) 740750/- രൂപയും Advance To Others 460509901 ഹെഡിൽ 98266/- രൂപയും ക്രമീകരിക്കാതെ അവശേഷിക്കുന്നു.

8. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം സൂക്ഷിക്കാൻ 3 അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.

9. SBI OWN FUND-ന്റെ ബാങ്ക് സേറ്റ്മെന്റിൽ 9581146.22/- രൂപ 2022 മാർച്ച് 31-ന് ബാലൻസ് ഉണ്ടായിരുന്നു. എന്നാൽ B17 പ്രകാരം നീക്കിയിരിപ്പ് 6132079/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

10. ഫെഡറൽ ബാങ്ക് PFMS 15$^{th}$ CFC അക്കൗണ്ടിൽ 2022 മാർച്ച് 31-ന് ബാലൻസ് 7589460/- രൂപയും, B17-പ്രകാരം ബാലൻസ് 7338095/- രൂപയുമാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

11. 2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം Grant From Suchithwa Mission നീക്കിയിരിപ്പ് 2203899/- രൂപയാണ്. 2021-22 ലെ AFSലെ Rp31 പ്രകാരം 420000/- രൂപ ലഭിച്ചിട്ടുണ്ട്. ചെലവ് 4000/- രൂപ. എന്നാൽ 2021-22 ലെ B4 പ്രകാരംനീക്കിയിരിപ്പ് 854662/- രൂപയാണ്. വരവ്, ചെലവ്, നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

12. 2020- 21ലെ B4 പ്രകാരം LIBRARY Grant ഇനത്തിൽ 1280/- രൂപ നീക്കിയിരിപ്പ് ഉണ്ട്. 2021-22 ലെ AFSലെ Rp31 പ്രകാരം വരവ് 21120/- രൂപയാണ്. എന്നാൽ 2021-22 -ൽ ചെലവ് ഇല്ല. 2021-22- ലെ B4-ൽ നീക്കിയിരിപ്പ് 1369/- രൂപയാണ്. വരവ്, ചെലവ്, നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

13. ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

14. 2020-21 വർഷത്തിലെ B4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതത്തിൽ 95143/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 2021-22 വർഷത്തിൽ ഗുണഭോക്തൃ ഇനത്തിൽ വരവ് RP31 പ്രകാരം 202955/- ലഭ്യമായിട്ടുണ്ട്. B4-ൽ ബാക്കിയായി 86148/- രൂപ ചെലവഴിക്കാതെ ബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്നു. ചെലവഴിക്കാത്ത തുക സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണം.

15. 2021-22 വർഷത്തിലെ B9 ഷെഡ്യൂളിൽ വിവിധ ആവശ്യങ്ങൾക്ക് നൽകുവാനുള്ള തുക ബാക്കിയായി നിലനിൽക്കുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

16. 31.3.22-ൽ അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 Stock Inhand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്കുകളുടെ മൂല്യം പൂജ്യം എന്ന് രേഖപ്പെടുത്തിയതിന് മതിയായ വീശദീകരണം ലഭ്യമാക്കിയിട്ടില്ല.

17. രജിസ്റ്റർ പ്രകാരം കംഫർട്ട് സ്റ്റേഷൻ വരവ് ഇനത്തിലെ വരവ് 4700/- രൂപയാണ്. എന്നാൽ എ.എഫ്.എസ്-ൽ 4200/- രൂപയാണ്.

18. കെട്ടിട വാടകയിനത്തിലെ വരവ് രജിസ്റ്റർ പ്രകാരം 37598/- രൂപയെന്നും, വാർഷിക ധനകാര്യ പത്രികയിൽ 37334/- രൂപയെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

19. പാർട്ട്ബില്ലിന്റെ വിവരങ്ങൾ അന്വേഷണകുറിപ്പ് വഴി ആവശ്യപ്പെട്ടുവെങ്കിലും എ.ഇ. വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിൽ Capital Work In Progress എന്ന B11 (A) ഷെഡ്യൂളിലെ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

20. തൊഴിൽ നികുതി ഇനത്തിലെ വരവ് രജിസ്റ്റർ പ്രകാരം 4701730/- രൂപയാണ്. എന്നാൽ എ,എഫ്.എസ് പ്രകാരം 4992455/- രൂപയാണ്. 290725/- രൂപയുടെ വ്യത്യാസം സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി വേറെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതു കൊണ്ടാണെന്ന് വ്യത്യാസം സംഭവിച്ചതെന്ന് അറിയിച്ചു. അപാകങ്ങൾ രേഖപ്പെടുത്തി നൽകിയ അന്വേഷണകുറിപ്പ് 9/22- ന് നൽകിയ മറുപടിയിൽ അപാകങ്ങൾ തുടർവർഷത്തിൽ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-3 ഗ്രാന്റ് വിനിയോഗം-എ.സി.ആർ.പ്രകാരം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20282490 | 20282490 | 18441803 | 1840687 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10662162 | 10662162 | 10346594 | 315568 |
| വികസനഫണ്ട് Development Fund (T S P) | 0 | 86697 | 86697 | 80500 | 6197 |
| Maintanance Fund(non Road) | 0 | 10523016 | 10523016 | 8302757 | 2220259 |
| Maintanance Fund(road) | 0 | 29479829 | 29479829 | 13833258 | 15646571 |
| Development Fund (CFC Tied) | 0 | 16958876 | 16958876 | 3020254 | 13938622 |
| Development Fund (CFC United) | 0 | 6325810 | 6325810 | 3079646 | 3246164 |
| Traditional Functions Fund | | 21698434 | 21698434 | 6952446 | 14759588 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിന്റെ വരവ് ചെലവ് കണക്കുകളും എ.സി.ആറും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയത് പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

2. ഗ്രാന്റ് യൂട്ടിലൈസേഷൻ

താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളും പ്രത്യേകാവശ്യ ഗ്രാന്റുകളും ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഗ്രാന്റ് ഇനം | 2020-21-ൽ അവശേഷിച്ച തുക | 2021-2022-ൽ ചെലവഴിക്കാതെ അവശേഷിച്ച തുക |
|---|---|---|---|
| 320100121 | ICDS | 322177 | 1257589 |
| 320200305 | State Sponsore | 214359 | 420931 |
| 320200307 | State Sponsore | 31415 | 31415 |
| 320200308 | Library Grant | 1280 | 1369 |
| 320200309 | Literacy Scheme Grant | 2516 | 2584 |
| 320200322 | Suchithwa Mission | 2203899 | 854662 |
| 320200399 | State Sponsore | 200000 | 200000 |
| 320300103 | Total Sanitation | 899958 | 899958 |
| 320300199 | Other Govt Agencies | 529325 | 167325 |
| 320400199 | 0ther Financial Institutions | 15000 | 15000 |
| 320700204 | Block Panchayats | 750249 | 750249 |
| 320700205 | Districy Panchayat | 415839 | 809589 |
| 320800101 | Beneficiry Contribution | 95143 | 86148 |
| 320800199 | Specific Purpose Capital | 39516000 | 6632884 |
| 320800202 | Epidemic Control | 10250 | 30250 |

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിച്ചില്ലായെങ്കിൽ പ്രസ്തുത തുകകൾ അനുവദിച്ച സ്ഥാപനങ്ങൾക്കുതന്നെ തിരികെ നൽകേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക

ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

3. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം -അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീയതി.24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.

4. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതമായ 86148/- രൂപ നിലനിൽക്കുന്ന തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകാനുള്ളതാണെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| പൊതുവിഭാഗം | അടങ്കൽ | ചെലവ് |
|---|---|---|
| ഉല്പാദനം | 13027122 | 6639367 |
| സേവനം | 147692511 | 44858539 |
| പശ്ചാത്തലം | 37462717 | 15377512 |
| ആകെ | 198182350 | 66875418 |

| പട്ടികജാതി വിഭാഗം | അടങ്കൽ | ചെലവ് |
|---|---|---|
| ഉല്പാദനം | 648000 | 228000 |
| സേവനം | 21159805 | 8743288 |
| പശ്ചാത്തലം | 6037071 | 2331983 |
| ആകെ | 27844876 | 11303271 |

| പട്ടിക വർഗ്ഗം | അടങ്കൽ | ചെലവ് |
|---|---|---|
| ഉല്പാദനം | 88000 | 88000 |
| സേവനം | 684182 | 317579 |
| ആകെ | 772182 | 405579 |

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം

| ക്രമ നം. | നിർവഹണോ ദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 15 | 1602510 | 13 | 1133405 | 0 | 2 | 70.7 % |
| 2 | വെറ്ററിനറി സർജൻ | 8 | 3941600 | 6 | 1501200 | 0 | 2 | 38.1 % |
| 3 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 14 | 4876442 | 13 | 4480849 | 0 | 1 | 91.9 % |
| 4 | മെഡിക്കൽ ഓഫീസർ ആയുർവേദം | 12 | 2680531 | 12 | 2680322 | 0 | 0 | 100 % |
| 5 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1055162 | 1 | 254014 | 0 | | 24 % |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 104952341 | 17 | 17189792 | 0 | 6 | 16.4 % |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 7751174 | 9 | 6607942 | 0 | 1 | 85.3 % |
| 8 | സെക്രട്ടറി | 61 | 35931797 | 46 | 20722408 | 0 | 15 | 57.7 % |
| 9 | ഹെഡ് മാസ്റ്റർ | 6 | 2922000 | 3 | 277528 | 0 | 3 | 9.5 % |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ (LSGD) | 100 | 52488947 | 45 | 17919256 | 0 | 55 | 34.14 % |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 1881054 | 7 | 930804 | 0 | 4 | 49.5 % |
| 12 | ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 6715850 | 3 | 4036748 | 0 | 1 | 60.1 % |
| | ആകെ | 264 | 226799408 | 175 | 77734268 | 0 | 89 | |

പദ്ധതിപ്പണം ലഭ്യമാകുന്നത് പൂർണമായും ഫലപ്രദമായും ചെലവഴിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം (സ്ഥാപനം ലഭ്യമാക്കിയ കണക്ക് പ്രകാരം).

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 3600 |
| കർഷക തൊഴിലാളി പെൻഷൻ | 5790000 |
| വിധവാ പെൻഷൻ | 28419100 |
| വാർധക്യകാല പെൻഷൻ | 56684200 |
| വികലാംഗ പെൻഷൻ | 8305300 |
| വിവാഹ ധനസഹായം | 90000 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1200200 |

## 1-5-1 സാമൂഹ്യ സുരക്ഷാപെൻഷൻ

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം ചെയ്യുമ്പോൾ പെൻഷൻ രജിസ്റ്ററിൽ പെൻഷൻ അനുവദിച്ച വ്യക്തികളുടെ സ്റ്റാറ്റസ് കോളത്തിൽ ടി വ്യക്തികൾക്ക് എന്ന മുതലാണ് പെൻഷൻ അനുവദിച്ചത്, പെൻഷൻ ഐഡി നമ്പർ എന്നീ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 28/09/2019 ലെ സർക്കുലർ പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷൻ സംബന്ധിച്ച അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും, അവ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ് എന്നാൽ ഈ നടപടി ക്രമം പാലിച്ചിട്ടില്ല.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു (രജിസ്റ്റർ പ്രകാരം).

| ക്രമ നം | പേര് | ഫയൽ നം / അപേക്ഷാ തീയതി | പെൻഷൻ |
|---|---|---|---|
| 1 | ശാന്ത | 4332/21, 7/4/2021 | വാർദ്ധക്യകാല പെൻഷൻ |
| 2 | യേശുദാസ് | 4334/21, 7/4/2021 | വാർദ്ധക്യകാല പെൻഷൻ |
| 3 | ബാബു വൈ | 5221/21 24/5/2021 | വാർദ്ധക്യകാല പെൻഷൻ |
| 4 | ചന്ദ്രിക റ്റി | 5582/21 18/06/2021 | വാർദ്ധക്യകാല പെൻഷൻ |
| 5 | ശാന്ത നായർ | 1757/22 04/06/2019 | അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ |
| 6 | കുമാരി ശാന്തിനി | 1906/21 16/06/2022 | അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ |

| | | | |
|---|---|---|---|
| 7 | ലതികകുമാരി ബി | 1114/22 14/05/2022 | കർഷക തൊഴിലാളി പെൻഷൻ |
| 8 | ശ്രീകുമാരി | 1116/22 17/05/2022 | കർഷക തൊഴിലാളി പെൻഷൻ |
| 9 | റിനി മോൾ | 6777/21 19/07/21 | വിധവാ പെൻഷൻ |
| 10 | പുഷ്പം എസ് | 6963/21 27/07/21 | വിധവാ പെൻഷൻ |
| 11 | സിന്ധു എസ് | 7011/21 29/7/21 | വിധവാ പെൻഷൻ |
| 12 | യശോദ സി | 7148/21 30/7/21 | വിധവാ പെൻഷൻ |
| 13 | ഷാജിമ ബീഗം | 7152/21, 30/7/21 | വിധവാ പെൻഷൻ |

അപാകതകൾ പരിഹരിച്ച് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-5-2 പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു

2021-2022 സാമ്പത്തിക വർഷത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവന സോഫ്റ്റ്വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

സർക്കുലർ നം. 69/2018/ധന, തീയതി. 26/07/2018-ലെ മരണപ്പെട്ടവരുടെയും, പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം ഡാറ്റാ ബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണം. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ആയതിനാൽ അധികം നൽകിയ 12800/- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആധാർ നം. | പേര് | പെൻഷൻ | മരിച്ച തീയതി | കാലയളവ് | നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 915376186558 | സ്റ്റാലിൻ എസ് | വാർദ്ധക്യകാല പെൻഷൻ | 25/2/2022 | 3/22 To 5/22 | 4800 |
| 2 | 298109713923 | ബെൻസി കെ | വാർദ്ധക്യകാല പെൻഷൻ | 5/1/2022 | 2/22 | 1600 |
| 3 | 825636251356 | ലോറൻസ് | വാർദ്ധക്യകാല പെൻഷൻ | 26/11/21 | 12/21 | 1600 |
| 4 | 577424003488 | രാമൻ കുട്ടി ആശാരി | വാർദ്ധക്യകാല പെൻഷൻ | 27/11/21 | 12/21 To 2/22 | 4800 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29/10/2022 തീയതി ഉച്ചയ്ക്കുശേഷം 12.20 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 928/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അവലോകനം താഴെ കൊടുക്കുന്നു.

രജിസ്റ്ററുകളുടേയും, റിക്കാർഡുകളുടേയും സൂക്ഷിപ്പ് സാമാന്യം തൃപ്തികരമാണ്. എന്നാൽ താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നതായി കാണുന്നില്ല.

1) തെരുവ് വിളക്ക് രജിസ്റ്റർ

പഞ്ചായത്തിലെ ഓരോ വാർഡിലേയും തെരുവ് വിളക്ക് സംബന്ധിച്ച വിശദവിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല (പോസ്റ്റ് നമ്പർ, തെരുവ് വിളക്കിന്റെ തരം, എണ്ണം എന്നിവ) ഇതുമൂലം ഓരോ വാർഡിലും അറ്റകുറ്റപണി നടത്തുന്ന/പുതുതായി സ്ഥാപിക്കുന്ന വിളക്കുകൾ/അവസാനമായി അറ്റകുറ്റപണി നടത്തിയത്/വിളക്ക് മാറ്റിയത് എന്നിവ ഓഡിറ്റിന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2) പരാതി രജിസ്റ്റർ

പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ, അവയുടെ തീർപ്പ് എന്നിവ നിരീക്ഷിക്കുന്നതിനായി ഇവ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി കാണുന്നു. ഇലക്ട്രോണിക് ടോക്കൺ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നു. ഓഫീസ് ജോലി വിഭജനം രേഖാമൂലം നടത്തിയിട്ടുണ്ട്.
എന്നാൽ തനതു വരുമാന ശേഖരണം, പദ്ധതിപ്പണം പാഴാകാതെ ഫലപ്രദമായി ചെലവഴിക്കൽ എന്നിവയിൽ ഉദ്യോഗസ്ഥർ ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-8 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക നൽകി 200000/-രൂപ തടസ്സപ്പെടുത്തുന്നു

സ.ഉ.(കൈ) നം.22/2018/തസ്വഭവ.തിയതി 14-2-2018 പ്രകാരം പുറപ്പെടുവിച്ച പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങൾ-പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി -ധനസഹായം -അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖപ്രകാരം വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് പൊതു വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 100000/- രൂപയും, പട്ടികജാതിക്കാർക്ക് 150000/- രൂപയും, പട്ടികവർഗ്ഗവിഭാഗക്കാർക്ക് 150000/- രൂപയും പരമാവധി നൽകാവുന്നതാണ്. ആയത് പ്രകാരം ഗുണഭോക്തക്കളുടെ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിനാണ് തുക അനുവദിക്കുവുന്നതാണ്. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക് കുമാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളു. ആയതിന് ഭവനം തദ്ദേശസ്ഥാപനത്തിന്റെ എ.ഇ. പരിശോധിക്കേണ്ടതും, നിർവഹണോദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടുമ്പോൾ 50% തുക നൽകേണ്ടതും, പണിപൂർത്തിയാക്കുമ്പോൾ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുക അനുവദിക്കേണ്ടതുമാണ്. 76/22 നമ്പരായി അംഗീകാരം ലഭിച്ച് നടപ്പിലാക്കിയ "വീട് വാസയോഗ്യമാക്കൽ "എസ്.സി.പി. പദ്ധതി പ്രകാരം ധനസഹായം ലഭിച്ച ഏതാനും ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധച്ചതിൽ ചുവടെ വിവരിക്കുന്ന ഭവനങ്ങൾക്ക് 8 വർഷത്തെ കാലപ്പഴക്കം ഇല്ലായെന്ന് രേഖകളുടെയും സഞ്ചയയിലെ വിവരങ്ങളുടെ പരിശോധനയിലും കണ്ടെത്തി.

| ഗുണഭോക്താവിന്റെ പേര്, വീടിന്റെ നമ്പർ | ഭവനത്തിന്റെ കാലപ്പഴക്കം | ബിൽ നമ്പർ/ തീയതി/ തുക | നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | പദ്ധതിയുടെ നമ്പർ, ഫണ്ട് ഇനം, അടങ്കൽ തുക |
|---|---|---|---|---|
| 1. ശശിധരൻ | ഗുണഭോക്താവിന്റെ 6/450 A നമ്പർ വീടിന് പഞ്ചായത്ത് നൽകിയ 6/1/2022 -ലെ 5026201/4/2022 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം കാലപ്പഴക്കം 2 വർഷം എന്ന് സർട്ടിഫൈ ചെയ്തിട്ടുണ്ട്. | യു.റ്റി.ആർ.ബിൽ നമ്പർ-385.<br>22-2-2022<br>50000/-<br>281, 25-1-2022-50000/- | തിങ്കൾജ്യോതി, വി.ഇ.ഒ. | 76/22 വീട് വാസയോഗ്യമാക്കൽ-എസ്.സി.പി., 2000000/- |
| 2. ഷൈജുകുമാർ (ഭവനം ജയിംസ് എന്നയാളുടെ പേരിൽ) | കാലപ്പഴക്ക സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>17/960 A നമ്പർ വീടിന് സഞ്ചയയിൽ നികുതി ഡിമാൻഡ് 2015 മുതൽ ആണ്. പ്രസ്തുത വീടിന് 8 വർഷത്തെ കാലപ്പഴക്കം ഇല്ലായെന്ന് വ്യക്തമാകുന്നു. പ്രസ്തുത വീടിന്റെ ഉടമ ജയിംസ് ആണ്. പദ്ധതിപ്രകാരം ഷൈജുകുമാറിന് ധസസഹായം നൽകി | യു.റ്റി.ആർ.ബിൽ നമ്പർ-456 ,<br>22-3-2022 – 50000/-<br>479,26-3-2022-50000/- | തിങ്കൾജ്യോതി, വി.ഇ.ഒ. | 76/22 വീട് വാസയോഗ്യമാക്കൽ-എസ്.സി.പി., 2000000/- |
| | ആകെ | 2,00,000/- | | |

സബ്സിഡി മാർഗരേഖ പ്രകാരം വീട് വാസയോഗ്യക്കൽ പദ്ധതിപ്രകാരം ധനസഹായം ലഭിക്കാൻ ഗുണഭോക്താക്കളുടെ ഭവനം 8 വർഷത്തിലധികം കാലപ്പഴക്കം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ മേൽവിവരിച്ച ഗുണഭോക്താക്കളുടെ ഭവനങ്ങൾക്ക് 8 വർഷം കാലപ്പഴക്കം ഇല്ലായെന്ന് കണ്ടെത്തിയതിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 23/22 -ന് മറുപടി നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയില്ല. വാർഡ് തലത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ധാരാളം പേർ ഗുണഭോക്താക്കളായി ഉണ്ടായിരുന്നിട്ടും മേൽ വിവരിച്ച ഭവനങ്ങൾക്ക് 8

വർഷത്തിലധികം കാലപ്പഴക്കം ഉണ്ടെന്ന് രേഖകളുടെ അടിസ്ഥാനത്തിൽ ഉറപ്പുവരുത്താതെ തുക നൽകിയത് സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി മേൽ വിവരിച്ച 2 ഗുണഭോക്താക്കൾക്ക് നൽകിയ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് അന്വേഷണകുറിപ്പ് പ്രകാരം ആവശ്യപ്പെട്ട മറുപടിയും, പ്രസ്തുത വീടുകൾക്ക് 8 വർഷത്തിലധികം കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളും ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച് 2 മാസത്തിനകം ലഭ്യമാക്കിയില്ലായെങ്കിൽ തടസ്സപ്പെടുത്തിയ 2,00,000/- രൂപ നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ് )- പ്രവർത്തനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 642570 | 955850 | 1598420 | *1596437 | 1983 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 100907000 | 100907000 | 100907000 | 0 |
| ആകെ | 642570 | 101862850 | 102505420 | 102503437 | 1983 |

1) ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

| | മുന്നിരിപ്പ് | വരവ് | ചെലവ് |
|---|---|---|---|
| ക്യാഷ് ബുക്ക് പ്രകാരം | 636570.21 | 958306.19 | 1592893.89 |
| AFS പ്രകാരം | 642570 | 955850 | 1596437 |

2) ചെലവ് RP 16 പ്രകാരം 877587/- ആണ്. വ്യത്യാസമുള്ള തുക ഏത് ശീർഷകത്തിലാണ് ധനകാര്യ പത്രികയിൽ ബുക്ക് ചെയ്തിരിക്കുന്നതെന്ന് വ്യക്തമല്ല.
3) AFS ലെയും ക്യാഷ് ബുക്കിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.
4) EFMS സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.
എം.ജി.എൻ.ആർ.ഇ.ജി.എസ് വഴി -2021-22 വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയും വരവ് ചെലവുകളുടെയും വിവരം ചുവടെ ചേർക്കും പ്രകാരം ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണം 35/28.10.2022).

1. 2021- 22-ൽ വിഭാവനം ചെയ്ത പദ്ധതികൾ – 1026

2. 2021- 22-ൽ വിഭാവനം ചെയ്ത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികൾ – 378

3. 2021- 22-ൽ വിതരണം ചെയ്ത തൊഴിൽ കാർഡുകൾ – 369

4. 2021- 22-ൽ സൃഷ്ടിച്ച തൊഴിൽ തൊഴിൽ ദിനങ്ങൾ എത്ര – 330139

| സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|
| 293973 | 36166 | 330139 |

| പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|
| 36077 | 512 | 36589 |

6. 2021- 22-ൽ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം – 4741

7. 2021- 22-ൽ 100 തൊഴിൽ ദിനം പൂർത്തികരിച്ച കുടുംബങ്ങളുടെ എണ്ണം – 1744

8. തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം തൊഴിൽ രഹിത വേതനം കൊടുത്ത വിവരം - 0

9. 2021- 22-ൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികളുടെ വിവരം (രൂപയിൽ) – 703820

10. സോഷ്യൽ ആഡിറ്റ് നടത്തിയതിന്റെ വിവരം -ലഭ്യമാക്കിയിട്ടില്ല.

11. പദ്ധതികൾ സംബന്ധിച്ച വിവരം.

| നം. | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | മണ്ണ്, ജല സംരക്ഷണം | 281 | 974.089 |
| 2 | വരൾച്ച തടയൽ,വനവൽക്കരണം | 3 | 6.9673 |

| | | | |
|---|---|---|---|
| 3 | പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 2 | 4.1266 |
| 4 | നടപ്പാത | 6 | 7.0382 |
| 5 | വ്യക്തിഗത ആസ്തികൾ | 43 | 15.5289 |

12. 2021-22 വർഷത്തിൽ മെറ്റീരിയൽ വർക്കിനായി വിളിച്ച ടെണ്ടറുകളും, ടെണ്ടർ രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

13. 2021-22 വർഷത്തിൽ വിവിധ പ്രവർത്തനങ്ങൾക്കായി ആകെ എത്ര രൂപ ചെലവാക്കിയെന്നും അതിൽ ആകെ മെറ്റീരിയൽ വർക്ക് എത്ര രൂപയ്ക്ക് നടത്തിയെന്നും അതിനായി നൽകിയ തുകയ്ക്ക് റ്റി.ഡി.എസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലിസ്റ്റാക്കി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും വിവരം ലഭ്യമാക്കിയിട്ടില്ല.

14. തുടർച്ചയായി 3 വർഷത്തിലധിമായി മേറ്റായി പ്രവർത്തിക്കുന്നവരുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

## 1-10 വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് കാലികമായി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്.

22/10/2022 ൽ 18 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-11 മൂലധന നിക്ഷേപം കണക്കാക്കാതെ ലൈസസൻസ് നല്കിയതായി കാണുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 07, പട്ടിക II (31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതുക്കിയത്) നിഷ്കർഷിക്കും പ്രകാരം വ്യാപാര സ്ഥാപനങ്ങളെ മേഖലാടിസ്ഥാനത്തിൽ തരംതിരിച്ച് അവയുടെ മൂലധന നിക്ഷേപത്തിനനുസൃതമായി വാർഷിക ലൈസൻസ് ഫീ നിശ്ചയിക്കുകയോ ആയത് പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ വിറ്റുവരവ്, മൂലധന ചെലവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഏതു മാനദണ്ഡ പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനം | പേര് | വ്യാപാരം | കെട്ടിട നം. |
|---|---|---|---|
| 1 | ആൽബി കെ | വെറൈറ്റി മാർബിൾസ് | 17/904 |
| 2 | അനിൽകുമാർ ആർ | ഗുരുജി സ്റ്റോർ | 13/150 |
| 3 | അമീർ | മൊബൈൽ കട | 21/671 |
| 4 | സന്തോഷ് കുമാർ | അലയൻസ് അലുമിനിയം മെറ്റൽസ് | 17/628,629,630 |
| 5 | ഷഫീക്ക് | സിറ്റി ഷൂ മാർട്ട് | 4/25 |

ഇതു സംബന്ധിച്ച് 21/10/22 ൽ 13 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഫീ ഈടാക്കുന്നതിൽ കൃത്യത ഉറപ്പാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ബന്ധപ്പെട്ട

ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഇനത്തിൽ തനത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്നതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

## 1-12 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽനിന്നും തൊഴിൽ നികുതി/ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല

റേഷൻ കടകളിൽനിന്നും 2021-2022 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടിട്ടില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (സി. എസ്)എ9-764/2019 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് കൂടാതെ 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്.

ഇതു സംബന്ധിച്ച് 21/10/2022 തീയതിയിൽ 13 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ നിശ്ചിത തീയതിയ്ക്കകം പിഴ പലിശ ഉൾപ്പെടെ ഒടുക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് ആയത് അടവു വരുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി.

വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 4, 5 എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 2021-2022 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ധനകാര്യ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയുടെ ജീവനക്കാരിൽ നിന്നും തൻവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. വെറൈറ്റി മാർബിൾസ് (17/904) എന്ന സ്ഥാപനത്തിൽ A9-4685/21 - ാം നമ്പർ അപേക്ഷ പ്രകാരം ആകെ ജീവനക്കാർ 41 പേർ ആകുന്നു. എന്നാൽ 18 പേരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളു.
താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി മുഴുവൻ പേരിൽ നിന്നും ഈടാക്കിയിട്ടില്ല.

1. ഖാൻ പ്രൊവിഷണൽ സ്റ്റോർ (13/467)

2. ക്രഞ്ചി ഫ്രൈഡ് ചിക്കൻ (3/629)

3. ലാന്റ് മാർക്ക് സർവേ (2/145C)

ഇതു സംബന്ധിച്ച് 21/10/2022 തീയതിയിൽ 13 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയിൽ തൊഴിൽ നികുതി ഒടുക്കു വരുത്തുന്നതിന് കത്ത് നൽകിയിട്ടുണ്ട് അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2021-2022 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ധനകാര്യ സ്ഥാപനങ്ങൾ/വ്യാപാര സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല (കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 4,5 എന്നിവയുടെ അടിസ്ഥാനത്തിൽ). ഉദാഹരണം ചുവടെ ചേർക്കുന്നു.

1. അമ്മാൾ എജൻസീസ് കാട്ടാക്കട

2. മുരള്യാ മിൽക്ക് കാട്ടാക്കട

3. രാജകുമാരി ഗോൾഡ് പാർക്ക് കാട്ടാക്കട

4. രാജാകുമാരി ടെക് സ്റ്റയിൽസ്

5. റ്റാറ്റാ മോട്ടോഴ്സ്

6. കൈരളി എക്സ്പോർട്സ് ചെമ്പനക്കോട്

7. നെയ്യാർ മെഡിസിറ്റി കിള്ളി

8. വെറൈറ്റി മാർബിൾസ് കിള്ളി

9. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ

10. അബിരാമി ഹോട്ടൽ

ഇതു സംബന്ധിച്ച് 20/10/2022 തീയതിയിൽ 07നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കു വരുത്തുന്നതിന് കത്ത് നൽകിയിട്ടുണ്ട് അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-15 സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല

കാട്ടാക്കട കേന്ദ്രമാക്കി സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽ നിന്നും 2021-2022 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. ഇക്കാരണത്താൽ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ നഷ്ടം ഉണ്ടായിട്ടുള്ളത്. നിരവധി പേരാണ് കാട്ടാക്കട പഞ്ചായത്ത് പ്രദേശത്ത് അഭിഭാഷകവൃത്തിയിലേർപ്പെട്ടിട്ടുള്ളത്. ഇതു സംബന്ധിച്ച് 13/10/22 തീയതിയിൽ 13 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ "തൊഴിൽ നികുതി ഈടാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണെന്നു" വ്യക്തമാക്കിയിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരവും 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(എ) പ്രകാരവും പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകർ തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരാണ്. ആയതിനാൽ അഭിഭാഷകരിൽനിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തിയേറ്ററുകൾ, ബാറുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

തിയേറ്ററുകൾ, ബാറുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2021-2022 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് തനതുവരുമാന നഷ്ടത്തിനു കാരണമാകുന്നു. കേരള പഞ്ചായത്ത്‌രാജ് ആക്ട്, സെക്ഷൻ 232(1) ൽ "ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്."

ഇതു സംബന്ധിച്ച് 21/10/2022 ൽ 15 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും സ്ഥാപന നികുതിയും അടിയന്തരമായി പിരിച്ചെടുത്ത് തനതു ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 1-17 കൃഷി ഓഫീസർ നിർവഹണം നടത്തിയ ഗ്രോ ബാഗ് പച്ചക്കറി (വനിത) പദ്ധതി - അപാകം - 84000/- രൂപ തടസ്സം

കൃഷി ഓഫീസർ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

(എ) 2021-22 ൽ കൃഷി ഓഫീസറുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തീയതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചു കാണുന്നില്ല.

1) സബ്സിഡി മാർഗ്ഗരേഖയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം (കരം തീർത്ത രസീതിന്റെ കോപ്പി) ഉള്ളടക്കം ചെയ്തിട്ടില്ല.

ഇതിനു പുറമെ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്/അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) ഗുണഭോക്താക്കളുടെ ഭൂമി കൃഷിക്ക് അനുയോജ്യമാണെന്നോ, കൃഷി ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല. മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഗുണഭോക്താക്കൾക്കും ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുള്ളത്.

3) 2020-21 ൽ നടപ്പിലാക്കിയ പദ്ധതികളുടെ വ്യക്തിഗത അപേക്ഷകളിൽ കൃഷി ഓഫീസർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരും പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖണ്ഡിക 13.1 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
(ബി) ഗ്രോ ബാഗ് പച്ചക്കറി (വനിത) പദ്ധതിയിലെ അപാകതകൾ.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|
| ഗ്രോ ബാഗ് പച്ചക്കറി (വനിത) | 72/21-22 | | | |
| പൊതു വിഭാഗം | | 187500 | 112500 | 4/22-18000, Dtd 17/9/2022<br>13/22-7500, Dtd 24/1/2022<br>21/22-87000, Dtd 9/2/2022 |
| തനതു ഫണ്ട് | | 37500 | 37500 | |
| മറ്റുള്ളവ | | 62500 | 50000 | |
| ആകെ | | 287500 | 200000 | |

A. ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്തവർ ധനസഹായം കൈപ്പറ്റിയിരിക്കുന്നു. തടസ്സം 42,000/- രൂപ.
താഴെപറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാതെ ധനസഹായം കൈപ്പറ്റിയിരിക്കുന്നു.

1. ആതിര ബി കെ, കട്ടയ്ക്കോട്

2. ചിത്ര, കൊല്ലോട്

3. ലതാകുമാരി, അമ്പലത്തിൻകാല

4. ശൈലജ, കുളവിയ്ക്കോട്

5. ശോഭ പി, അമ്പലത്തിൻകാല

6. രജി പി എസ്, അമ്പലത്തിൻകാല

7. ഷീബ കെ, കൊല്ലോട്

8. മുംതാസ് എം എസ്, പൊട്ടൻകാവ്

9. സരസ്വതി എച്ച്, അമ്പലത്തിൻകാല

10. പത്മകുമാരി, കുരുതംകോട്

11. സതികുമാർ, ആമച്ചൽ

12. ശ്രീകുമാരി, ആമച്ചൽ

13. ആബിനേഷ് പി എസ്, ഉുങ്ങാംപാറ

14. സരിതകുമാരി ബി, കിള്ളി

15. സൗമ്യ ജെ.എസ്, കെല്ലോട്

16. നിഷകുമാരി, കിള്ളി

17. സരളകുമാരി വി, കൊല്ലോട്

18. കുമാരി സുജാത എസ്, കാട്ടാക്കട

19. ലോലിജ ബി, കാട്ടാക്കട

20. മിനിമോൾ, ആമച്ചൽ

21. സിന്ധുകുമാരി, കൊല്ലോട്

22. ലതികാലക്ഷമി, കട്ടയ്ക്കോട്

23. ഉഷകുമാരി, കാട്ടാക്കട

24. ത്രയ എസ്, കാട്ടാക്കട

25. ബാലമുരളി എ എസ്, പൊന്നറ

26. രാധ, അമ്പലത്തിൻകാല

27. വിലാസിനി, അമ്പലത്തിൻകാല

28. ശൈലജ, അമ്പലത്തിൻകാല

സ. ഉ (കൈ) 4/2021/LSGD Dtd 11.01.21-ൽ ഖണ്ഡിക 17 പ്രകാരം ഗ്രാമ/വാർഡ് സഭാ യോഗങ്ങൾ, വികസന സെമിനാർ തുടങ്ങിയ എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കി വേണം പദ്ധതി തയ്യാറാക്കേണ്ടത്. ഈ നടപടി ക്രമം പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (27/21-22, 27/10/22) യ്ക്ക് 28 പേരുടെ പേരു വിവരം വാർഡ് മെമ്പർ നൽകിയതാണ്. ആയതിനാൽ പഞ്ചായത്ത് സമിതി അംഗീകരിച്ച് നല്കുന്ന മുറയ്ക്ക് പട്ടിക സമർപ്പിക്കുന്നതാണ് എന്നാണ് ലഭ്യമായ മറുപടി. മറുപടി തൃപ്തികരമല്ലാത്തതിനാൽ ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്ത മേൽപരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾ കൈപ്പറ്റിയ തുകയായ (28x1500=42000 ) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അടുത്ത ഗ്രാമസഭയിൽ ഈ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച് പഞ്ചായത്ത് സമിതി നൽകുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. അല്ലാത്തപക്ഷം നിർവഹണഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

B. വനിതകൾക്കായി നടപ്പിലാക്കിയ പ്രോജക്ടിൽ പുരുഷൻമാരെ ഉൾപ്പെടുത്തി ധനസഹായം നൽകിയിരിക്കുന്നു. 4500/- രൂപ തടസ്സപ്പെടുത്തുന്നു.

വനിതകൾക്കായി നടപ്പിലാക്കിയ പ്രോജക്ട് മുഖേന ചുവടെ ചേർത്തിരിക്കുന്ന പുരുഷൻമാർക്ക് ആനുകൂല്യം നൽകി.

1. സതികുമാർ എൻ, വാർഡ് 8

2. ബാലമുരളി എ എസ്, വാർഡ് 3

3. അബിനേഷ് പി എസ്, ഉുങ്ങാം പാറ വാർഡ്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/21-22, 27/10/22) തിരക്കിനിടെ യാദൃശ്ചികമായി സംഭവിച്ചതാണ്. ടി വ്യക്തികളുടെ ഭാര്യയാണ് ഗുണഭോക്താവ് എന്നറിയിക്കുകയുണ്ടായി. എന്നാൽ വ്യക്തമായ

രേഖകൾ ലഭ്യമല്ലാത്തതിനാൽ പുരുഷൻമാർക്ക് നൽകിയ തുകയായ 4500/-രൂപ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

C. ചെലവു രേഖകൾ ഹാജരാക്കിയില്ല – 37,500/- രൂപ തടസ്സപ്പെടുത്തുന്നു.

ടി പ്രോജക്ടിനായി തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച 37500/- രൂപയുടെ ചെലവു വിശദാംശം ഓഡിറ്റിൽ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/21-22, 27/10/22) പഞ്ചായത്ത് കാർഷിക കർമ്മ സേനയ്ക്കാണ് തുക നൽകിയത് ആയതിനാൽ ഇതിന്റെ ചെലവു രേഖ ലഭ്യമല്ലായെന്നറിയിച്ചു. ടി തുകയ്ക്കുള്ള ചെലവുരേഖ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. അല്ലാത്തപക്ഷം നിർവഹണഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

A, B, C എന്നിവയിലെ ആകെത്തുകയായ 84,000/- രൂപ തടസ്സപ്പെടുത്തുന്നു. ആയത് കൃത്യമായി ലഭ്യമാക്കേണ്ടതാണ്.

1-17-1 ചെടിച്ചട്ടിയിൽ പച്ചക്കറി കൃഷി - തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച 56250/- രൂപയുടെ ചെലവു വിശദാംശം ഓഡിറ്റിൽ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|---|
| ചെടിച്ചട്ടിയിൽ പച്ചക്കറി കൃഷി | 152/21-22 | | | |
| പൊതു വിഭാഗം | | 299700 | 206250 | ₹ 8250, 23/22, 9/2/22<br>₹ 21000, 12/22, 24/1/22<br>₹ 75000, 24/22, 14/2/22<br>₹ 26250, 33/22, 22/2/22<br>₹ 37500, 10/22,17/1/22<br>₹ 11250, 7/22, 17/9/22<br>₹ 27000, 25/22, 14/2/22 |
| തനതു ഫണ്ട് | | 93460 | 56250 | (സുലേഖ പ്രകാരം) |
| മറ്റുള്ളവ | | 100000 | 87500 | |
| ആകെ | | 493170 | 350000 | |

2021-22 ൽ കൃഷി ഓഫീസറുടെ ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തീയതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചു കാണുന്നില്ല.

1) സബ്സിഡി മാർഗ്ഗരേഖയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം കരം തീർത്ത രസീതിന്റെ കോപ്പി ഉള്ളടക്കം ചെയ്തിട്ടില്ല.

ഉദാ.

1. ഗീതാകുമാരി, വാർഡ് 17

2. ഗീത ആർ, പ്ളാവൂർ വാർഡ്

3. ലത കെ, ചെട്ടിക്കോണം വാർഡ്

4. ഫിലോമിന, കട്ടയ്ക്കോട് വാർഡ്

5. ലതാദേവി എം, ചെമ്പനാക്കോട് വാർഡ്

6. വിനീത് വി എസ്, കൊല്ലോട് വാർഡ്

7. കുമാരി ലക്ഷ്മി വി, വാർഡ് 18

2) 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖണ്ഡിക 13.1 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ്

അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) ടി പദ്ധതിയ്ക്കായി തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച 56250/- രൂപയുടെ ചെലവു വിശദാംശം ഓഡിറ്റിൽ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/21-22, 27/10/22) പഞ്ചായത്ത് കാർഷിക കർമ്മ സേനയ്ക്കാണ് തുക നൽകിയത് ആയതിനാൽ ഇതിന്റെ ചെലവു രേഖ ലഭ്യമല്ലായെന്നറിയിച്ചു. ടി തുകയ്ക്കുള്ള ചെലവുരേഖ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. അല്ലാത്തപക്ഷം നിർവഹണഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 1-17-2 കുറ്റികുരുമുളക് കൃഷി (വനിത)--പുരുഷൻമാരെ ഉൾപ്പെടുത്തി ധനസഹായം നൽകിയിരിക്കുന്നു - 8160/-രൂപ തടസ്സം

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|---|
| കുറ്റികുരുമുളക് കൃഷി (വനിത) | 71/21-22 | | | |
| പൊതു വിഭാഗം | | 51000 | 51000 | 13600, 2/22,17/9/22<br>8160, 35/22, 19/2/22<br>29240,30/22, 19/2/22 |
| മറ്റുള്ളവ | | 4500 | 4500 | |
| ആകെ | | 55500 | 55500 | |

കൃഷി ഓഫീസർ വനിതകൾക്കായി നടപ്പിലാക്കിയ ടി പ്രോജക്ടിൽ പുരുഷൻമാരെ ഉൾപ്പെടുത്തി ധനസഹായം നൽകിയിരിക്കുന്നു.

അനർഹമായി തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ജസ്റ്റിൻ രാജ്, വാർഡ് 10
2. സ്റ്റീഫൻസൺ, വാർഡ് 8
3. രാഹുൽ എസ് ബിജു, വാർഡ് 21
4. കൃഷ്ണൻകുട്ടി, വാർഡ് 4
5. അബ്ദുൾ ഖാദർ, വാർഡ് 19
6. സെബാസ്റ്റ്യൻ ജെ, വാർഡ് 2
7. ഗിരീഷ് എസ് ആർ, വാർഡ് 12
8. സന്തോഷ്, വാർഡ് 15
9. ജി കിരൺകുമാർ, കാട്ടാക്കട വാർഡ്
10. അനീഷ്, വാർഡ് 2
11. മഹേഷ് കുമാർ എൻ, വാർഡ് 17
12. വേണു എം, വാർഡ് 2

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/21-22, 27/10/22) തിരക്കിനിടെ യാദൃശ്ചികമായി സംഭവിച്ചതാണ് ടി വ്യക്തികളുടെ ഭാര്യയാണ് ഗുണഭോക്താവ് എന്നറിയിക്കുകയുണ്ടായി. എന്നാൽ വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പുരുഷൻമാർക്ക് നൽകിയ തുകയായ (12x680=8160) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 1-17-3 നെൽകൃഷി -ഗുണഭോക്താക്കൾ ചെലവു വൗച്ചർ ഇല്ലാതെ കൈപ്പറ്റിയ തുകയായ 17940/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നെൽകൃഷി പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|---|
| നെൽകൃഷി | 73/21-22 | | | |
| പൊതു വിഭാഗം | | 24540 | 24540 | 13600, 1/22, 15/12/21<br>10940, 41/22, 23/3/22 |
| ആകെ | | 24540 | 24540 | |

ടി പ്രോജക്ടിൽ ഗുണഭോക്താക്കൾക്ക് ചെലവായ തുക വൗച്ചറിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസർ അവരവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നെൽകൃഷി നടത്തിയ വകയിൽ ചെലവായ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല.

1. പി എൻ ബാബു, പ്ളാവിള പുത്തൻ വീട് --- 7000/- രൂപ

2. അഭിലാഷ് --- 3500/- രൂപ

3. മോഹനകുമാർ --- 3520/- രൂപ

4. ഉഷ എം --- 3920/- രൂപ

ആയതിനാൽ മേൽ പറഞ്ഞ ഗുണഭോക്താക്കൾ ചെലവു വൗച്ചർ ഇല്ലാതെ കൈപ്പറ്റിയ തുകയായ 17940/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/21-22, 27/10/22) ടി ഗുണഭോക്താക്കളിൽ നിന്ന് വൗച്ചറുകൾ വാങ്ങി നവംബർ 5നകം സമർപ്പിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. നെൽകൃഷി നടത്തിയ വകയിൽ ചെലവായ വൗച്ചറുകൾ ഓഡിറ്റിൽ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. അല്ലാത്തപക്ഷം നിർവഹണഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 1-17-4 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ മുഴുവൻ ഗുണഭോക്തൃവിഹിതവും പഞ്ചായത്ത്ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല

കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ ആകെ ഗുണഭോക്തൃവിഹിതം ചെലവു പത്രിക പ്രകാരം 1,69,750/- രൂപയാകുന്നു. എന്നാൽ പഞ്ചായത്ത് ഫണ്ടിൽ രസീത് പ്രകാരം ഒടുക്കു വരുത്തിയ തുക 1,61,450/- രൂപയാകുന്നു ഇത്തരം വ്യത്യാസം വരാൻ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമായ മറുപടി പ്രകാരം ഓഫീസിലെ സീനിയർ അസിസ്റ്റന്റിനുണ്ടായ വീഴ്ചയാണ് എന്നും കുറവു വന്ന തുകയായ 8300/- രൂപ 2022 നവംബർ 10 നകം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണ് എന്നും അറിയിച്ചു. തുക ഒടുക്കു വരുത്തി രസീതിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 1-18 സർക്കാർ സാധൂകരണം ലഭ്യമാക്കാതെ അദ്ധ്യാപക/അനദ്ധ്യാപക നിയമനം

| | |
|---|---|
| പദ്ധതി | പ്രീ-പ്രൈമറി കുട്ടികൾക്ക് പോഷകാഹാരം |
| പ്രോജക്ട് നം. | 44/21-22 |
| അടങ്കൽ/ചെലവ് | 222000/158000 (പൊതുവിഭാഗം) |
| ബിൽ നം./തീയതി | 1/21-22, 29/10/21, 54000/-<br>2/21-22, 13/12/2021, 36000/-<br>3/21-22, 17/1/22, 44000/-<br>4/21-22, 19/2/2022, 24000/- |

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ ടി പ്രോജക്ടിൽ പോഷകാഹാര കുറവുള്ള കുട്ടികൾക്ക് ആവശ്യമായ പോഷണം നൽകുകയും, പഞ്ചായത്ത് നിയമിച്ചിട്ടുള്ള 4 സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് ഹോണറേറിയം നൽകുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഹോണറേറിയം മാത്രമാണ് ഈ പ്രോജക്ടിലൂടെ നൽകിയിരിക്കുന്നത്. അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ എണ്ണവും നിയമന രീതിയും എപ്രകാരമാണെന്ന് ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറി (38/21-22, 29/10/2022)

യ്ക്ക് 8 അദ്ധ്യാപകരെ പി റ്റി എ ആണ് നിയമിക്കുന്നതെന്നാണ് ലഭ്യമായ മറുപടി. എന്നാൽ ഈ അദ്ധ്യാപകരെ താൽക്കാലിക അടിസ്ഥാനത്തിൽ എന്നു നിയമിച്ചുവെന്നോ, എത്ര കാലത്തേയ്ക്ക് നിയമിച്ചുവെന്നോ ഉള്ള നിയമന നടപടിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. പദ്ധതി നടത്തിപ്പിലൂടെ അദ്ധ്യാപകർക്ക് ശമ്പളം നൽകുമ്പോൾ സർക്കാർ സാധൂകരണം വാങ്ങിമാത്രമെ നിയമനം നടത്താൻ പാടുള്ളൂ. എന്നാൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്. തുടർനടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 വെള്ളക്കരം ഒടുക്കിനത്തിലെ അധികചെലവ് - ഒഴിവാക്കേണ്ടത് അനിവാര്യം

പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്നും പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളിൽ ജലം ലഭ്യമാകാത്ത പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോയെന്നും ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ - 08/2021-22 തീയതി 20.10.2022 വഴി ആരാഞ്ഞിരുന്നതിന് പഞ്ചായത്തിന്റെ പരിധിയിലുള്ള പല ടാപ്പുകളും പ്രവർത്തനക്ഷമമല്ലാത്തതിനാൽ സംയുക്ത പരിശോധനക്കായി ജല അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് പ്രതികരണം ഉണ്ടായിട്ടില്ല എന്നാണ് മറുപടി ലഭ്യമായിട്ടുള്ളത്.

ജല അതോറിറ്റി 2021-22 ലേക്ക് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിരിക്കുന്ന 12.04.2021 ലെ ഡിമാന്റ് നോട്ടീസ് (ബിൽ നം.50724) പ്രകാരം ടാപ്പ് ഒന്നിന് രൂപ 5512.5 നിരക്കിൽ 399 ടാപ്പുകൾക്ക് രൂപ 2199487.5/- ആണ് 2021-22 വർഷത്തെ ആകെ വെള്ളക്കരം. ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യ കുടിവെള്ള കണക്ഷനുൾപ്പെടെ നിരവധി പദ്ധതികൾ നിലവിലുള്ളതിനാലും താരതമ്യേന വരൾച്ചാ സാഹചര്യം നിലവിലില്ലാത്തതു പരിഗണിക്കുമ്പോഴും പഞ്ചായത്തിന്റെ പരിധിയിലുള്ള നിരവധി പൊതുടാപ്പുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാലും ഈ ഇനത്തിൽ നിലവിൽ അധികച്ചെലവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അധികച്ചെലവ് ഒഴിവാക്കുന്നതിലേക്കായി ഉപയോഗം തീരെ കുറവായ പൊതുടാപ്പുകളെ കണ്ടെത്തി അവയുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനും പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾക്കാനുപാതികമായ തുക വാർഷിക വെള്ളക്കരത്തിൽ നിന്നും കുറവുചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-20 MNREGS കാര്യാലയത്തിന്റെ പ്രവർത്തനത്തിലേക്കായി അനുവദിച്ച മുൻകൂർ തുക- അടിയന്തിരമായി തിരികെ ഈടാക്കേണ്ടതാണ്

MNREGS കാര്യാലയത്തിന്റെ പ്രവർത്തനത്തിലേക്കായി രണ്ട് കംപ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങുന്നതിനായി രൂപ 119630/- (വൗച്ചർ നം. 22100675 തീയതി 20.12.2021, ചെക്ക് നം. XY2317727 തീയതി 20.12.2021) Kerala State IT Mission-ന് മുൻകൂറായി നൽകിയിട്ടുണ്ട്. മേൽ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെന്നുള്ളതായി അറിയിച്ചിട്ടുണ്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ -21/2021-22 തീയതി : 26.10.2022 നുള്ള മറുപടി) മേൽ ഇനത്തിൽ ചെലവായ തുക MGNREGS മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. ടി തുക എത്രയും വേഗം തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച മുൻകൂർ തുക രൂ.250000/- - ക്രമീകരണ വിവരം അടിയന്തിരമായി അറിയിക്കേണ്ടതാണ്.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2,10,000/- രൂപയും ദൈനംദിന ചെലവുകൾക്കായി 40,000/- രൂപയും ഉൾപ്പടെ മെഡിക്കൽ ഓഫീസർക്ക് മുൻകൂറായി രൂപ 2,50,000/- (വൗച്ചർ നം.22100108/109 തീയതി 17.05.2021, ചെക്ക് നം. 2317765 തീയതി 17.05.2021) അനുവദിച്ചിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗവിവരങ്ങളോ വൗച്ചറുകളോ ലഭ്യമാക്കിയിട്ടില്ലെന്നാണ് ഈ വിഷയത്തിലുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 21/2021-22 തീയതി : 26.10.2022 നുള്ള മറുപടിയായി അറിയിച്ചിരിക്കുന്നത്. മെഡിക്കൽ ഓഫീസർക്ക് മുൻകൂറായി അനുവദിച്ച മുഴുവൻ തുകയുടെയും വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി മുൻകൂർ ക്രമീകരിച്ച് അടിയന്തിരമായി വിവരം അറിയിക്കേണ്ടതാണ്.

## 1-22 അജൈവ മാലിന്യ സംസ്കരണം - തരം തിരിച്ച് നൽകിയ അജൈവ മാലിന്യത്തിനായി വില ക്ലീൻ കേരള കമ്പനി നൽകിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 236/2021-22 സ്പിൽ ഓവർ |
| പ്രോജക്ട് | ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ |
| ഫണ്ട് | CFC ഗ്രാന്റ് |
| അടങ്കൽ/ചെലവ് | 47124/45502 |
| ബിൽ നം./തീയതി | 34/26.11.2021 (CFC) |

ക്ലീൻ കേരള കമ്പനിയുടെ 24.08.2021-ലെ കത്ത് പ്രകാരം, കമ്പനി പഞ്ചായത്തിൽ നിന്നും ഏറ്റെടുത്ത 3856.07 കിലോ പുന:ചംക്രമണയോഗ്യമല്ലാത്ത അജൈവ മാലിന്യത്തിന്റെ വില നൽകണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ടി പ്രോജക്ട് പ്രകാരം തുക നൽകിയിരിക്കുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.6 തീയതി 20.01.2022) 2021-22 വർഷത്തിൽ 1165 കിലോ അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകിയതായും എന്നാൽ ഈ ഇനത്തിൽ യാതൊരു തുകയും ഹരിതകർമ്മ സേനാ കൺസോർഷ്യത്തിന് ലഭിച്ചിട്ടില്ലായെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തരം തിരിച്ച് നൽകിയ അജൈവ മാലിന്യങ്ങളുടെ വില ഹരിതകേരളാ മിഷൻ നിഷ്കർഷിച്ചിട്ടുള്ള നിരക്ക് അനുസരിച്ച് ക്ലീൻ കേരളാ കമ്പനിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

തരം തിരിച്ച് നൽകുന്ന അജൈവ മാലിന്യങ്ങൾക്ക് ഇനം അനുസരിച്ച് ഹരിതകേരളാ മിഷൻ നിഷ്കർഷിച്ചിട്ടുള്ള നിരക്ക് ലഭിക്കുമ്പോൾ, തരം തിരിച്ചിട്ടില്ലാത്തതും, പുന:ചംക്രമണയോഗ്യമല്ലാത്തതുമായ അജൈവ മാലിന്യങ്ങൾ ഏറ്റെടുക്കുന്ന വകയിൽ ക്ലീൻ കേരളാ കമ്പനികൾ അവരുടെ ഇൻവോയ്സ് പ്രകാരം തുക നൽകേണ്ടി വരുന്നു.

അജൈവ മാലിന്യം ശേഖരിക്കുന്നതിലും, തരം തിരിക്കുന്നതിലും, സാങ്കേതിക സഹായം മേൽനോട്ടം എന്നിവയ്ക്കായി നിയോ എനർജീസ് എന്ന സ്ഥാപനവുമായി പഞ്ചായത്ത് 01.06.2021-ലെ കരാർ ഒപ്പിടുകയും പ്രതിമാസം 21250/- രൂപ ഫീസായി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2021-22 വർഷത്തിൽ പ്രോജക്ട് നമ്പർ 199/2021-22 പ്രകാരം 411695/- രൂപ ചെലവിട്ട് ഹരിതകർമ്മ സേനയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ തരംതിരിക്കലിലെ വീഴ്ച മൂലം ക്ലീൻ കേരളാ കമ്പനിക്ക് തുക നൽകേണ്ട സാഹചര്യം പരമാവധി കുറയ്ക്കേണ്ടതും, തരം തിരിച്ച് നൽകിയ മാലിന്യങ്ങളുടെ വിലയായി ക്ലീൻ കേരളാ കമ്പനിയിൽ നിന്നും ലഭിക്കേണ്ട തുക ഈടാക്കാവുന്ന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 ആർജിത അവധി സറണ്ടർ - സർക്കാർ സാധൂകരണം തേടേണ്ടതാണ്

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ വ്യയനിയന്ത്രണങ്ങളുടെ ഭാഗമായി പുറപ്പെടുവിച്ച ജി.ഒ.(പി) നം. 152/2020/ധന തീയതി 5.11.2020, ജി.ഒ.(പി) നം. 104/2021/ഫിൻ തീയതി 26.07.2021 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആർജിത അവധി സറണ്ടറിന് അനുമതിയില്ലാതിരുന്നിട്ടും ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ആയത് അനുവദിച്ചിട്ടുണ്ട് (വൗച്ചർ നം.22100143തീയതി 02.06.2021, ചെക്ക് നം. 967272 തീയതി 02.06.2021 രൂപ 589686/- ഓഡിറ്റ് എൻക്വയറി നമ്പർ -12/2021-22 തീയതി 21.01.2022). പ്രസ്തുത ചെലവ് ക്രമപ്പെടുത്തുന്നതിലേക്കായി സർക്കാർ സാധൂകരണം തേടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 അസിസ്റ്റന്റ് എഞ്ചിനീയർ-രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചീനിയർ അവശ്യം സൂക്ഷിക്കേണ്ട താഴെപ്പറയുന്ന രജിസ്റ്ററുകൾ പരിപാലിക്കാതിരിക്കുകയോ/അപൂർണ്ണമായി പരിപാലിക്കുന്നതായോ കാണുന്നു.

1) ടെണ്ടർ രജിസ്റ്റർ

ഓഡിറ്റ് വർഷത്തിൽ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾക്കൊള്ളുന്ന ടെണ്ടർ രജിസ്റ്റർ ശരിയാംവണ്ണം പരിപാലിക്കുന്നതായി കാണുന്നില്ല.

2) EMD/Security Deposit രജിസ്റ്റർ

കരാറുകാരിൽ നിന്നും ഈടാക്കുന്ന EMD, Security Deposit എന്നിവയുടെ വരവ്, റീഫണ്ട് എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന ടി രജിസ്റ്റർ ശരിയാംവണ്ണം എഴുതി സൂക്ഷിക്കുന്നില്ല.

3) ബില്ലുകളിൽ നിന്നും ഈടാക്കുന്ന GST സംബന്ധിച്ച രജിസ്റ്റർ

2021-22 വർഷത്തിൽ കരാറുകാർക്ക് നൽകിയ കരാർ തുകയിൽ നിന്നും ഈടാക്കിയ GST, TDS തുകയും വിവരങ്ങളും ഇവയുടെ ഒടുക്ക് വിവരങ്ങളും, ഇതു സംബന്ധിച്ച GST വകുപ്പിന് സമർപ്പിച്ച റിട്ടേണിന്റെ വിവരങ്ങളും 28.10.2022 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 34 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ടി വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-25 ഭൂമി കൈയ്യേറ്റം തുടർ നടപടികൾ സ്വീകരിച്ചില്ല (ഉത്തരവാദിയായ ഉദ്യോഗസ്ഥൻ - സെക്രട്ടറി)

2021-22 വർഷത്തെ പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ, 19.07.2021 ലെ 11(1) തീരുമാന പ്രകാരം, കാട്ടാക്കട പഞ്ചായത്തിലെ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 18/റിസർവ്വേ നമ്പർ 176/2 നമ്പർ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തി കൈയ്യേറി കൈവശം വച്ചിരിക്കുന്നതായി കാട്ടാക്കട ഭൂരേഖാ തഹസിൽദാർ പഞ്ചായത്ത് കമ്മിറ്റിക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ കൈയ്യേറ്റക്കാരന് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി കാണുന്നു.

സ്വകാര്യ വ്യക്തി കൈയ്യേറിയ ഭൂമിയുടെ അളവ്, ഉടമസ്ഥാവകാശം സംബന്ധിച്ച വിശദാംശങ്ങൾ, ഇത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ എന്നിവ 29/10/2022 ലെ ഓഡിറ്റ് എൻക്വയറി നം.44 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഓഡിറ്റിന് ലഭ്യമായമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അംഗൻവാടികൾക്ക് ഫർണിച്ചർ, കളിപ്പാട്ടം വാങ്ങൽ പദ്ധതി - സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം. | 138/2022 |
| പേര് | അംഗൻവാടികൾക്ക് ഫർണിച്ചർ, കളിപ്പാട്ടം വാങ്ങൽ |
| അടങ്കൽ | രൂപ 6,00,000/- (മെയിൻറ്റനൻസ് ഫണ്ട് – NR) |
| ചെലവ് | രൂപ 6,00,000/- (സുലേഖ പ്രകാരം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

മേൽ പ്രോജക്ട് വഴി അംഗൻവാടികളിലേക്കായി കേരള ആർട്ടിസൻസ് ഡെവലപ്മെന്റ് കോർപറേഷനിൽ നിന്നും അഞ്ച് സ്റ്റീൽ ഓഫീസ് ടേബിളുകളും 114 ബേബി ഡെസ്ക് ബഞ്ച് സെറ്റുകളും 192 പ്ലാസ്റ്റിക്ക് ആം ചെയറുകളും വാങ്ങി വിവിധ അംഗൻ വാടികളിലേക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വിതരണം ചെയ്ത ഫർണിച്ചറുകൾ നേരിട്ട് പരിശോധിച്ചതിൽ നിന്നും മേൽ പറഞ്ഞ ഇനങ്ങളിൽ ക്രമ നംപർ രേഖപ്പെടുത്തിയിട്ടില്ലെന്ന് കാണുന്നു. മുൻ കാലങ്ങളിലും നിലവിലും ഭാവിയിലും വാങ്ങി ഉപയോഗിക്കുന്ന ഫർണിച്ചറുകൾ വേർതിരിച്ചറിയുന്നതിനും സ്റ്റോറുകൾ നഷ്ടപ്പെട്ടാൽ ആയത് തിരിച്ചറിയുന്നതിനും അവയുടെ കൃത്യമായ സ്റ്റോക്ക് വിവരം അക്കൗണ്ട് ചെയ്ത് കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 158 ൽ വിവരിക്കും പ്രകാരമുള്ള വാർഷിക സ്റ്റോക്ക് പരിശോധകൾക്കുവേണ്ടിയും ക്രമ നംപർ അനിവാര്യമായതിനാൽ ഓരോ ഫർണിച്ചർ ഇനത്തിനും സവിശേഷ തിരിച്ചറിയൽ നംപർ അടിയന്തിരമായി നൽകേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 HOMCO-യ്ക്ക് മുൻകൂർ പണം നല്കിയിട്ടും 1,40,000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 179/21-22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനം -ഹോമിയോ മരുന്നുകൾ ലഭ്യമാക്കൽ |
| ഫണ്ട് | മെയിന്റനൻസ് (റോഡിതരം) |
| അടങ്കൽ | 2,40,000/- |
| ചെലവ് | 2,40,000/- |
| ബിൽ നം./തീയതി | 13/25.06.2021 |

2021-22ൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഹോമിയോ മെഡിക്കൽ ഓഫീസറുടെ (NHM) അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ട് പ്രകാരം, Arsenicum Album എന്ന കോവിഡ് പ്രതിരോധ മരുന്ന്, സാനിട്ടൈസർ എന്നിവ വിതരണം ചെയ്യുന്നതിലേയ്ക്കായി HOMCO, ആലപ്പുഴ സമർപ്പിച്ച 24/05/2011 -ലെ PF 101-ാം നമ്പർ ഇൻവോയ്സ് പ്രകാരം 2,40,000/- രൂപ മുൻകൂർ ഒടുക്കിയെങ്കിലും, 18/6/21-ൽ നല്കിയ ഒരു ലക്ഷം രൂപ വിലവരുന്ന 23,000/- സ്ട്രിപ്പ് Arsenicum Album മാത്രമാണ് കമ്പനി നാളിതുവരെ നൽകിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ബാക്കി തുകക്ക് മരുന്ന് ലഭ്യമാക്കാൻ HOMCO-യുമായി ഫോണിൽ ബന്ധപ്പെട്ടു വരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

കോവിഡ് തീവ്രത കുറഞ്ഞ സാഹചര്യം കണക്കിലെടുത്തും, 18/6/21 -ൽ ലഭിച്ച 23,000/- സ്ട്രിപ്പ് പ്രതിരോധ മരുന്ന് നാളിതുവരെ പൂർണ്ണമായും വിതരണം ചെയ്യിട്ടില്ലാത്ത സാഹചര്യത്തിലും, മാറിയ സാഹചര്യത്തിന് അനുസരിച്ച് ആവശ്യകത പുനർനിർണ്ണയിക്കേണ്ടതും മുൻകൂറായി നൽകിയ തുകയിൽ ബാക്കി 1,40,000/- രൂപയുടെ അവശ്യ മരുന്നുകൾ HOMCO -യിൽ നിന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പൂർണ്ണമായ വിനിയോഗ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | SO104/20 |
| പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (പൊതു വിഭാഗം) |
| അടങ്കൽ | വികസനഫണ്ട്<br>(രൂപ 6,25,000/-)<br>ഗുണഭോക്തൃവിഹിതം<br>(നേരിട്ട് ചെലവഴിക്കുന്നത്)<br>രൂപ 6,25,000/- |
| ചെലവ് | ബിൽ നം. 2/2021-22<br>Dtd 07.03.2022, RS. 6,25,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 50 കന്നുകുട്ടികൾക്ക് 28 മാസക്കാലം 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനും കന്നുകുട്ടികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുവാനും ആണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത് [സ.ഉ.(എം.എസ്)22/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 6.2 ക്രമ നമ്പർ 6]. പ്രോജക്ട് നടത്തിപ്പിനായി തിരു. SLBP, Deputy Director -ടെ അക്കൗണ്ടിലേക്ക് (A/C No.701011400000196) 07.03.2022 -ന് കൈമാറിയ 6,25,000/- രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/2021-22 തീയതി. 20.10.2022) 2,22,572/- രൂപയുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിനായി കൈമാറിയ തുകയിൽ വിനിയോഗ വിവരം ലഭ്യമാക്കാൻ ബാക്കി നിൽക്കുന്ന 4,02,428/- രൂപയുടെ വിവരങ്ങൾ കൂടി പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവർത്തികൾ - രേഖകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു -

10,57,955/-രൂപ

1) പ്രോജക്റ്റ് നമ്പർ : 254/2021-22

പ്രോജക്ടിന്റെ പേര് : കിള്ളി-ഇരുമ്പനാട് റോഡ് റീടാറിംഗ്

ചെലവ് : 5,61,804/-രൂപ

ബിൽ നം./തീയതി: 3/30.11.2021

2) പ്രോജക്റ്റ് നമ്പർ : 60/2021-22

പ്രോജക്ടിന്റെ പേര് : ആമച്ചൽ-പുത്തൻ വീട്ടുനട റോഡ് റീടാറിംഗ്

ചെലവ് : 496151/-രൂപ

ബിൽ നം./തീയതി: 19/24.12.2021

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ മേൽപ്പറഞ്ഞ പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. അംഗീകരിച്ച എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

2. കരാറുകാരന് സൈറ്റ് കൈമാറിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3. പണി പൂർത്തിയാക്കിയ തീയതി/കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല

4. ടി പണിക്ക് ഉപയോഗിച്ച ടാറിന്റെ അളവ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

5. ടാർ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല.

29/10/2022 -ലെ ഓഡിറ്റ് അന്വേഷണം നം.45 പ്രകാരം അസി. എഞ്ചിനീയറോട് ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി നല്കിയിട്ടില്ല. ടി സാഹചര്യത്തിൽ ഈ പദ്ധതികൾക്കായി ചെലവിട്ട തുക (561804 + 496151) 1057955/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-30 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ

1) കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ്-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO 244/2021-22 |
| പ്രോജക്ടിന്റെ പേര് | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് |
| അടങ്കൽ | രൂപ 1,00,000/- (തനത് ഫണ്ട്) |
| ചെലവ് | രൂപ 1,00,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി ആമച്ചൽ |

കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് എന്ന മേൽ പ്രോജക്റ്റിനായി തനത് ഫണ്ടിൽ നിന്നും 1,00,000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് (നം.701011400000) 07.03.2022-ന് കൈമാറിയിട്ടുണ്ട്. മേൽ ഉപകരണം ലഭ്യമായിട്ടുണ്ടോ എന്നതിനുള്ള വിവരം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ പ്രോജക്റ്റ് തുകയുടെ വിനിയോഗ വിവരം, മേൽ ഉപകരണത്തിന്റെ നിലവിലെ പ്രവർത്തനവിവരം എന്നിവ 29.10.2022 ലെ ഓഡിറ്റ് എൻക്വയറി നം. 40/21-22 മുഖാന്തിരം ആരാഞ്ഞിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിപ്പണത്തിന്റെ ശരിയായ വിനിയോഗം പരിശോധിച്ചുറപ്പാക്കുന്നതിലേക്കായി മേൽ പറഞ്ഞ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

2) കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ്-ചെലവു വിവരങ്ങളുടെ അഭാവത്തിൽ 50,000/- രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 326/2021-22 |
| പ്രോജക്ടിന്റെ പേര് | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് |
| അടങ്കൽ | രൂപ 50,000/- (തനത് ഫണ്ട്) |
| ചെലവ് | രൂപ 50,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി ആമച്ചൽ<br>മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി ആമച്ചൽ |

കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് എന്ന മേൽ പ്രോജക്റ്റിനായി തനത് ഫണ്ടിൽ നിന്നും 50000/- രൂപ

ചെലവായിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ ചെലവിനത്തിന്റെ പരിശോധനക്കായി ഫയൽ , അനുബന്ധ രേഖകൾ/രജിസ്റ്ററുകൾ എന്നിവ അടിയന്തിരമായി ലഭ്യമാക്കണമെന്ന് 29.10.2022ലെ ഓഡിറ്റ് എൻക്വയറി നം 40/21-22 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കാത്തപക്ഷം മേൽ പ്രോജക്ടിനായി ചെലവിട്ട 50,000/- രൂപ തടസ്സപ്പെടുത്തുന്നതാണ്.

3) ആമച്ചൽ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് രണ്ട് കംപ്യൂട്ടറുകൾ വാങ്ങൽ-

പ്രവർത്തനവിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 149/2021-22 |
| പ്രോജക്ടിന്റെ പേര് | ആമച്ചൽ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് രണ്ട് കംപ്യൂട്ടറുകൾ വാങ്ങൽ |
| അടങ്കൽ | രൂപ 1,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | രൂപ 99,612/- |
| ബിൽ നമ്പർ | 42/2021-22 തീയതി. 15.03.2022 രൂപ 20,018/-<br>43/2021-22 തീയതി. 15.03.2022 രൂപ 79,594/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി ആമച്ചൽ |

മേൽ പ്രോജക്ടിൻ പ്രകാരം കെൽട്രോണിൽ നിന്ന് രണ്ട് കംപ്യൂട്ടറുകൾ വാങ്ങുന്നതിലേക്കായി രൂ.99612/- Kerala State IT Mission- ന്റെ അക്കൗണ്ടിലേക്ക് (നം.79901140000 3959) 15.03.2022 -ന് കൈമാറിയിട്ടുണ്ട്. ടി കംപ്യൂട്ടറുകൾ ലഭ്യമായ വിവരത്തിനുള്ള Stock Register, മേൽ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്ത വിവരത്തിനുള്ള Installation Report, ടി ഉപകരണങ്ങളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച Status Report എന്നിവ 29.10.2022 ലെ ഓഡിറ്റ് എൻക്വയറി നം 40/21-22 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നത് പരിശോധിച്ചുറപ്പാക്കുന്നതിലേക്കായി മേൽ പറഞ്ഞ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

4) ഹോമിയോ ആശുപത്രിക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ-നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്,സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 242/2021-22 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | രൂപ 2,50,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | രൂപ 2,50,000/- |
| ബിൽ നമ്പർ | 33/2021-22 തീയതി. 07.01.2022 രൂപ 250000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി ആമച്ചൽ |

മേൽ പ്രോജക്ടിനായി HOMCO യുടെ അക്കൗണ്ടിലേക്ക് (നം.34306403911) 07.01.2022-ന് രൂ.250000/- കൈമാറിയിട്ടുണ്ട്. ഹോമിയോ വകുപ്പിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, മേൽ പ്രകാരമുള്ള മരുന്നുകൾ ലഭ്യമായ വിവരത്തിനുള്ള ക്യാഷ് ബിൽ , Stock Register എന്നിവ അടിയന്തിരമായി ഹാജരാക്കാൻ 29.10.2022ലെ ഓഡിറ്റ് എൻക്വയറി നം 40/21-22 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പിൽ സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും പദ്ധതിച്ചെലവിനാനുപാതികമായ സാധനങ്ങൾ/സേവനങ്ങൾ തിരികെ ലഭ്യമായിട്ടുണ്ടോ എന്നതും പരിശോധിച്ചുറപ്പാക്കുന്നതിലേക്കായി മേൽ പറഞ്ഞ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

5) സാന്ത്വനം പാലിയേറ്റിവ് കെയർ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 142/2021-22 |
| പ്രോജക്ടിന്റെ പേര് | സാന്ത്വനം പാലിയേറ്റിവ് കെയർ - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | രൂപ 50,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

| | |
|---|---|
| ചെലവ് | രൂപ 50,000/- |
| ബിൽ നമ്പർ | 40/2021-22 തീയതി. 15.03.2022 രൂപ 50,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി ആമച്ചൽ |

മേൽ പ്രോജക്റ്റിനായി HOMCO യുടെ അക്കൗണ്ടിലേക്ക്(നം.34306403911) 15.03.2022-ന് രൂപ 50,000/- കൈമാറിയിട്ടുണ്ട്. ഹോമിയോ വകുപ്പിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, മേൽ പ്രകാരമുള്ള മരുന്നുകൾ ലഭ്യമായ വിവരത്തിനുള്ള ക്യാഷ് ബിൽ, Stock Register എന്നിവ അടിയന്തിരമായി ഹാജരാക്കാൻ 29.10.2022ലെ ഓഡിറ്റ് എൻക്വയറി നം 40/21-22 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും പദ്ധതിച്ചെലവിനാനുപാതികമായ സാധനങ്ങൾ/സേവനങ്ങൾ തിരികെ ലഭ്യമായിട്ടുണ്ടോ എന്നതും പരിശോധിച്ചുറപ്പാക്കുന്നതിലേക്കായി മേൽ പറഞ്ഞ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

6) സാന്ത്വനം പാലിയേറ്റീവ് കെയർ പ്രോജക്റ്റ് മരുന്നും കൺസ്യൂമബിൾസും വാങ്ങൽ – 7,00,160/- രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 308/2021-22 |
| പ്രോജക്റ്റിന്റെ പേര് | സാന്ത്വനം പാലിയേറ്റീവ് കെയർ പ്രോജക്റ്റ്- മരുന്നും കൺസ്യൂമബിൾസും വാങ്ങൽ |
| അടങ്കൽ | രൂപ 64,179/- (ധനകാ.)<br>രൂപ 4,35,981/- (തനത്)<br>രൂപ 2,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | രൂപ 7,00,160/- (സുലേഖ പ്രകാരം) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി ആമച്ചൽ |

പൂർണ്ണമായ പ്രോജക്റ്റ് ഫയലും ചെലവിനാധാരമായ സബ്-വൗച്ചറുകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയവ അടിയന്തിരമായി ഹാജരാക്കാൻ 29.10.2022ലെ ഓഡിറ്റ് എൻക്വയറി നം. 43/21-22 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ചെലവിന് ആധാരമായ മുഴുവൻ രേഖകളും ഹാജരാക്കാത്തപക്ഷം മേൽ പ്രോജക്റ്റിനായി ചെലവിട്ട 700160/- രൂപ തടസ്സപ്പെടുത്തുന്നതാണ്.

7) ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി – 2,00,000/- രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO 241/2021-22 |
| പ്രോജക്റ്റിന്റെ പേര് | ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി |
| അടങ്കൽ | രൂപ 2,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | രൂപ 2,00,000/- |
| ബിൽ നമ്പർ | 46/2021-22 തീയതി. 30.03.2022 രൂപ 2,00,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി ആമച്ചൽ |

പ്രോജക്റ്റ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയവ അടിയന്തിരമായി ഹാജരാക്കാൻ 29.10.2022 ലെ ഓഡിറ്റ് എൻക്വയറി നം. 43/21-22 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കാത്തപക്ഷം മേൽ പ്രോജക്ടിനായി ചെലവിട്ട 2,00,000/- രൂപ തടസ്സപ്പെടുത്തുന്നതാണ്.

## 1-31 സ്പിൽ ഓവർ പദ്ധതി - തൻവർഷവും പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 267/2021-22 |
| പ്രോജക്ടിന്റെ പേര് | ടേക്ക് എ ബ്രേക്ക് |
| അടങ്കൽ | 43,10,000/- |
| ചെലവ് | 12,58,352/-രൂപ |
| ബിൽ നം./തീയതി | 13/14.12.2021 |

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ടിന് 2020-21-ലാണ് ഡി.പി.സി. അംഗീകാരം

ലഭിക്കുന്നത്. 22.01.2021 -ൽ പഞ്ചായത്ത് കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെടുകയും 22.02.2021-ന് സൈറ്റ് കൈമാറുകയും ചെയ്തതായി കാണുന്നു.

TS No.S1230/20-21 പ്രകാരം ലഭിച്ച സാങ്കേതികാനുമതി പ്രകാരം കരാർ കാലാവധി അഞ്ച് മാസം ആണ്. എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കിയതായി കാണുന്നില്ല.

2021-22 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ടി പ്രോജക്ടിന്റെ പാർട്ട് ബിൽ തുകയാണ് ടി വർഷം നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ (Audit Enquiry No.45 തീയതി 29/10/2022) ത്തിന് മറുപടി നല്കിയിട്ടില്ല. അഞ്ച്മാസ കാലാവധിയിൽ 2020-21 വർഷത്തിൽ ആരംഭിച്ച് പണി തൻവർഷവും പൂർത്തിയാക്കാത്തതിനാൽ വിശദീകരണം നല്കേണ്ടതാണ്.

## 1-32 കെട്ടിടങ്ങൾക്ക് പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ നികുതി ഈടാക്കുന്നില്ല. നികുതി ചോർച്ച സംഭവിക്കുന്നു.

നികുതി കേരള പഞ്ചായത്ത് (വസ്തുനികതി നികുതിയും സേവനഉപനികുതിയും സർചാർജും ചട്ടങ്ങൾ) 2011 പ്രകാരം ഒരു കെട്ടിടം പൂർത്തിയായി നമ്പരിങ്ങിനായുള്ള അപേക്ഷ സമർപ്പിക്കപ്പെട്ടു കഴിഞ്ഞാൽ തദ്ദേശസ്ഥാപനത്തിലെ എഞ്ചിനിയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തുകയും നിർമ്മാണ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്ത് കഴിഞ്ഞാൽ കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതിയിൻമേൽ കെട്ടിട സ്ഥിതിചെയ്യുന്ന മേഖല, കെട്ടിടത്തിലേയ്ക്കുള്ള വഴി സൗകര്യം, മേൽക്കൂര നിർമ്മിതി, കാലപ്പഴക്കം, തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനമാക്കി വർദ്ധനവ്/ഇളവ് കണക്കാക്കി നിയമപ്രകാരം നികുതി നിർണയിക്കേണ്ടതാണ്. കൂടാതെ പട്ടിക I പ്രകാരം അടിസ്ഥാന വസ്തുനികുതി (ഏറ്റവും കുറഞ്ഞത്/കൂടിയനിരക്ക്) നിരക്ക് പഞ്ചായത്ത് തീരുമാനപ്രകാരം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. സഞ്ചയയിലെ പരിശോധനയിൽ പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയ നിരക്കിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കണ്ടെത്തിയ ഏതാനും കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ, വിസ്തീർണം | ചുമത്തേണ്ട നിരക്കും നികുതിയും | ഈടാക്കിയ നിരക്കും നികുതിയും | കുറവായി ഈടാക്കിയ തുക | നികുതി ഡിമാൻഡ് ചെയ്തത് |
|---|---|---|---|---|
| 21/247 A<br>286.71 M2 | 80 /-<br>22937 | 60 /-<br>17203 | 5734 /- | 2016 I Half മുതൽ |
| 21/247<br>171.36 M2 | 60/-<br>10282/- | 40/-<br>6854/- | 3428/- | |
| 21/245<br>171.36 M2 | 60/-<br>10282/- | 40/-<br>6854/- | 3428/- | 2013 മുതൽ |
| 4/82 B<br>524.46 M2 | 60/-<br>31468/- | 40/-<br>20978/- | 10490 /- | |

പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചിയിച്ച നിരക്കിൽ നികുതി ഈടാക്കാത്തിനാൽ നികുതി ചോർച്ച സംഭവിക്കുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 16/22-ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ ഏതാനും കെട്ടിടങ്ങൾ പരിശോധിച്ചതിൽ തന്നെ ഇപ്രകാരം നികുതിചോർച്ച കണ്ടെത്തിയതിനാൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സഞ്ചയയിലെ കെട്ടിടനികുതി നിരക്ക് പരിശോധിക്കേണ്ടതും നികുതി ചോർച്ച സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഓഡിറ്റ് വകുപ്പ് നൽകിയ അന്വേഷണകുറിപ്പിന് വ്യക്തമായ മറുപടി ലഭ്യമാക്കണ്ടതാണ്. 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 234(3) പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ, മറ്റു സംഖ്യകളോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥരുടേയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ, അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം കാരണക്കാരായ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കാം. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 3 മാസത്തിനകം കുറവായി ഈടാക്കിയ തുക മേൽ വിവരിച്ച കെട്ടിടഉടമകളിൽ നിന്നും നിയമാനുസൃതം ഈടാക്കി ഓഡിറ്റിനെ അറിയിക്കാത്തപക്ഷം നഷ്ടപ്പെട്ടതുക ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥരുടെ ബാധ്യതയായി മാറുന്നതാണ്.

### 1-32-1 കെട്ടിടങ്ങൾക്ക് വഴിസൗകര്യം അനുസരിച്ച് നികുതി വർദ്ധിപ്പിച്ചിട്ടില്ല

നികുതി കേരള പഞ്ചായത്ത് (വസ്തുനികതി നികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) 2011 പ്രകാരം ഒരു കെട്ടിടം പൂർത്തിയായി നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കപ്പെട്ടു കഴിഞ്ഞാൽ തദ്ദേശസ്ഥാപനത്തിലെ എഞ്ചിനിയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തുകയും നിർമ്മാണ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന സാക്ഷ്യപ്പെടുത്തുകയും ചെയ്ത് കഴിഞ്ഞാൽ കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതിയിൻമേൽ കെട്ടിട സ്ഥിതിചെയ്യുന്ന മേഖല, കെട്ടിടത്തിലേയ്ക്കുള്ള വഴി സൗകര്യം, മേൽക്കൂര നിർമ്മിതി, കാലപ്പഴക്കം, തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനമാക്കി വർദ്ധനവ്/ഇളവ് കണക്കാക്കി നിയമപ്രകാരം നികുതി നിർണയിക്കേണ്ടതാണ്. കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ വഴിസൗകര്യത്തിന് 20% വർദ്ധനവ് എടുക്കേണ്ടതാണ്. എന്നാൽ നികുതി നിർണയം നടത്തി നികുതി ചുമത്തിയ ഏതാനും ഫയലുകളിലെ വിവരങ്ങൾ സഞ്ചയയിലെ രേഖപ്പെടുത്തലുകളുമായി പരിശോധിച്ചതിൽ വഴിസൗകര്യം അനുസരിച്ച് നികുതി വർദ്ധനവ് ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തിയ 2 കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. A4-BA-192016/2019 നമ്പർ ഫയൽ പ്രകാരം 13/441 Aനമ്പർ കെട്ടിടത്തിന് നികുതി ചുമത്തി. സഞ്ചയയിൽ കെട്ടിടത്തിന്റെ വഴി സൗകര്യം 1.50m വീതിയുള്ള വഴി എന്ന രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടം സ്ഥിതിചെയ്യുന്ന പ്ലോട്ടിന്റെ വശം ചേർന്ന് 7m വീതിയുള്ള റോഡ് സ്ഥിതി ചെയ്യുന്നു. എന്നാൽ വഴി സൗകര്യത്തിന് അനുസരിച്ച് പ്രസ്തുത കെട്ടിടത്തിന് നിയമാനുസൃത നികുതി വർദ്ധനവ് (20%) ഈടാക്കിയിട്ടില്ല.
2. A3-1036/21 നമ്പർ ഫയൽ പ്രകാരം 17/1036 A എന്ന കെട്ടിടത്തിന് 55.12M2, 17/1036b എന്ന കെട്ടിടത്തിന് 12.60 M2, 17/1036 C നമ്പർ കെട്ടിടത്തിന് 34.23m2 എന്നിങ്ങനെയുള്ള വിസ്തീർണങ്ങൾക്ക് നികുതി ചുമത്തി. എന്നാൽ കംപ്ലീഷൻ പ്ലാനിൽ റോഡിന്റെ വീതി 8.35 M എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയയിൽ നികുതിയിൽ 20% വർദ്ധവന് വരുത്തിയിട്ടില്ലായെന്നും കണ്ടെത്തി. മേൽ വിവരിച്ച കെട്ടിടങ്ങൾക്ക് നിയമനുസൃത നികുതി വർദ്ധനവ് ഈടാക്കാത്തതിനും, നികുതി നഷ്ടത്തിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 28/22 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷത്തിൽ കെട്ടിട നമ്പർ നൽകിയ ഏതാനും ഫയലുകൾ പരിശോധിപ്പോൾ തന്നെ നികുതി ചുമത്തുന്നതിൽ പ്രകടമായ അലംഭാവം സംഭവിച്ചതായി വ്യക്തമാകുന്നു. അന്വേഷണകുറിപ്പ് പ്രകാരം ഫയൽ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ സഞ്ചയയിൽ വരുത്തി രേഖകൾ ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 164/22, ലൈഫ് ഫേസ് 2, എസ്. സി. | 700000/- | 340000/- |
| ബ്ലോക്ക് പഞ്ചായത്ത് | 10/22, ക്ഷീരസമൃദ്ധി | 1000000/- | 939424/- |

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 155/22, ലൈഫ് ഫേസ് 2 | 5510000/- | 1820000/- |
| ബ്ലോക്ക് പഞ്ചായത്ത് | 170/22, സ്നേഹസ്പർശം | 399000/- | 399000/- |
| ബ്ലോക്ക് പഞ്ചായത്ത് | 213/22, ന്യൂ ലൈഫ് ജനറൽ | 180000/- | 180000/- |
| ജില്ലാ പഞ്ചായത്ത് | 155/22, ലൈഫ് ഫേസ് 2 | 6000000/- | 1100000/- |
| ജില്ലാ പഞ്ചായത്ത് | 162/22, ലൈഫ് ഫേസ് 3 | 6000000/- | 200000/- |
| ജില്ലാ പഞ്ചായത്ത് | 160/22, പട്ടികജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം | 100000/- | 100000/- |
| ജില്ലാ പഞ്ചായത്ത് | 276/22, ന്യൂ ലൈഫ് ഭവനപദ്ധതി, എട്ടിരുത്തി കോളനി(ജനറൽ) | 1040000/- | 800000/- |
| ജില്ലാ പഞ്ചായത്ത് | 277/22, ന്യൂ ലൈഫ് ഭവനപദ്ധതി, എട്ടിരുത്തി കോളനി (എസ്.സി) | 240000/- | 240000/- |
| ജില്ലാ പഞ്ചായത്ത് | 170/22, സ്നേഹസ്പർശം | 399000/- | 393750/- |
| ജില്ലാ പഞ്ചായത്ത് | 10/22, ക്ഷീരസമൃദ്ധി | 500000/- | 437324/- |
| | ആകെ | | 6949498 |

ധനകാര്യ പത്രിക പ്രകാരമുള്ള ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വിശദാംശം.

| | മുന്നിരിപ്പ് | വരവ് | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് വിഹിതം | 1327840 | 3678424 | 3678424 | 1327840 |
| ജില്ലാ വിഹിതം | 415839 | 3271074 | 3271074 | 809589 |

ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വരവ്, ചെലവ് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിവരം

| ഏജൻസി | മുന്നിരിപ്പ് | തൻവർഷം (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|
| KSEB | 5446059 | 358785<br>* 100153 | -5804844 |
| KWA | 6190228 | -- | -6190228 |

* KSEB യ്ക്ക് നൽകിയ 100153/- രൂപ എ.എഫ്.എസിൽ ചേർത്തിട്ടില്ല.
* KSEB യ്ക്ക് നൽകിയ തുക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| 2020-21-ൽ തിരിച്ച് അടവാക്കാൻ ബാക്കി AFSപ്രകാരം | 2021-22-ൽ ലഭിച്ച തുക | 2021-22-ൽ തിരിച്ചടച്ച തുക (ലഡ്ജർ പ്രകാരം ) | 2022-ൽതിരിച്ച് അടവാക്കാൻ ബാക്കി (AFSപ്രകാരം ) | ലോൺ രജിസ്റ്റർ പ്രകാരം |
|---|---|---|---|---|
| 6,40,77,333/- | 60,000/- | 59,69,333 * | 5,81,68,000 | രജിസ്റ്റർ കാലികമാക്കി ലഭ്യമാക്കിയിട്ടില്ല |

മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലായെന്ന് പരാമർശിച്ചിരുന്നുവെന്നും തൻവർഷവും ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

* സുലേഖ പത്രിക പ്രകാരം തിരിച്ചടവ് 51,89,195/- രൂപ ആണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

A. സംക്ഷിപ്തവിവരം

| | |
|---|---|
| മുന്നിരിപ്പ് | 589,63,278 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,88,65,627 |
| ആകെ | 16,78,28,905 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 14,56,75,119 |
| നീക്കിയിരിപ്പ് | 221,53,786 |

B. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം

| | |
|---|---|
| വരവ് ഇനങ്ങളിലെ നഷ്ടം | 0 |
| ചെലവ് ഇനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,24,305 |
| പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം | 0 |

C. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, മേൽവിലാസം |
|---|---|---|
| 1-8 | 2,00,000 | ശ്രീമതി.തിങ്കൾ ജ്യോതി.എ.എസ്, വി.ഇ.ഒ, പത്മരാഗം, പുനലാൽ.പി.ഒ. |
| 1-17 | 84,000 | ശ്രീമതി.ബീന, കൃഷി ഓഫീസർ,സുഹാസനം, നന്ദൻകോട്, കവടിയാർ.പി.ഒ. |
| 1-17-1 | 56,250 | ,, |
| 1-17-2 | 8,160 | ,, |
| 1-17-3 | 17,940 | ,, |
| 1-29 | 10,57,955 | ശ്രീ.സിബിൻ.എസ്, അസി.എൻജിനിയർ, ജാസ്മിൻ വില്ല, വെട്ടുകാട് ബീച്ച്.പി.ഒ, 695 007. |

D. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

E. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

F. തടസ്സത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരും, സ്ഥിര മേൽവിലാസവും

| പേര്, ഉദ്യോഗപേര് | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരമേൽവിലാസം |
|---|---|---|
| ശ്രീമതി.തിങ്കൾ ജ്യോതി.എ.എസ്, വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ | പത്മരാഗം, പൂനലാൽ.പി.ഒ. |
| ശ്രീമതി.ബീന, കൃഷി ആഫീസർ | കൃഷി ആഫീസർ | സുഹാസനം, നന്ദൻകോട്, കവടിയാർ.പി.ഒ. |
| ശ്രീ.സിബിൻ.എസ്, അസി.എൻജിനിയർ | അസി.എൻജിനിയർ | ജാസ്മിൻ വില്ല, വെട്ടുകാട് ബീച്ച്.പി.ഒ. 695007. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/678/2022 തീയതി 18.10.2022 | 5<br>3-5, 3-6, 3-7, 3-8, 3-9 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/678/2022 തീയതി 18.10.2022 | 10<br>3-5-1, 3-6-2, 3-6-3, 3-6-4, 3-6-5, 3-7, 3-8-1, 3-9, 3-10, 3-11 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/678/2022 തീയതി 18.10.2022 | 12<br>2-4 (എ, ബി), 2-5, 3-1, 3-3, 3-4 (1), (2), 3-5, 3-6, 3-7, 3-8, 3-9, 3-10, 4-4 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.5/ തീയതി. 04.04.2014 | 14 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/36/16 തീയതി. 08.02.2016 | 6 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/857/15 തീയതി. 26.04.2016 | 5 |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1772/2016 തീയതി. 05.04.2017 | 10 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/975/17 തീയതി. 23.6.2017 | 4 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1666/2017 തീയതി. 06.02.2018 | 9 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2572/2018 തീയതി. 05.08.2019 | 33 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1718/2019 തീയതി. 05/2020 | 25 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/920/2017 തീയതി. 11.08.2022 | 31 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1307/2022 | 22 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്